തൃശ്ശൂർ ജില്ലാ ഭരണകൂടത്തിന് വേണ്ടി

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

അന്തിമ രേഖ

തൃശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിലെ വരന്തരപിള്ളി വില്ലേജിൽ, കച്ചേരിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ

23-11-2019

അർത്ഥനാധികാരി

കേരള പൊതുമരാമത്ത് വകുപ്പ്
റോഡ്സ് വിഭാഗം
ചെമ്പുക്കാവ്, തൃശ്ശൂർ

എസ്.ഐ.എ യൂണിറ്റ്

RAJAGIRI outREACH

രാജഗിരി ഔട്ട് റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി പി.ഒ., കളമശ്ശേരി – 683 104
ഫോൺ: 0484 – 2911330, 332 / 2550785
rossrajagiri@gmail.com
www.rajagirioutreach.in

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

തൃശൂർ ജില്ലാഭരണകൂടം ചുമതലപ്പെടുത്തിയത്

അന്തിമ രേഖ

തൃശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിലെ വരന്തരപിള്ളി വില്ലേജിൽ കച്ചേരിക്കടവ് പാലം അനുബന്ധറോഡ് നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ

23-11-2019

അർത്ഥനാധികാരി

കേരള പൊതുമരാമത്ത് വകുപ്പ്

നിരത്ത് വിഭാഗം

തൃശൂർ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്

രാജഗിരി ഔട്ട്റീച്ച്

RAJAGIRI OUTREACH

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി. പി.ഒ., കളമശേരി

പിൻ: 683104 ഫോൺ: 0484-2911111, 2911330-332

www.rajagirioutreach.in

email- rossrajagiri@gmail.com

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം
അന്തിമ രേഖ

തൃശൂർ ജില്ലാ ഭരണകൂടം ചുമതലപ്പെടുത്തിയത്

തൃശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിലെ വരന്തരപിള്ളി വില്ലേജിൽ കച്ചേരിക്കടവ് പാലം അനുബന്ധറോഡ് നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ

23-11-2019

അർത്ഥനാധികാരി **സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

കേരള പൊതുമരാമത്ത് വകുപ്പ്
നിരത്ത് വിഭാഗം
തൃശൂർ

രാജഗിരി ഔട്ട്റീച്ച്

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി. പി.ഒ., കളമശേരി
പിൻ: 683 104
ഫോൺ: 0484-2911111, 2911330-332
www.rajagirioutreach.in

ഉള്ളടക്കം

അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 പദ്ധതി പ്രദേശം

1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെയുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവര ശേഖരണം നടത്തിയ രീതിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക്ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

3.6 പഠനത്തിൻെറ പരിമിതി

അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായ ത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്ക പ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണങ്ങളും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമി യാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.a. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.b. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യ തലവും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7. അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതുംഎന്നാൽനിർവ്വഹിച്ചിട്ടില്ലാത്തതുമായസാമൂഹ്യപ്രത്യാഘാത നിയന്ത്രണ ആസൂത്രണം.

അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെൻറേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണപദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

പട്ടികകൾ

പട്ടിക 1.3.1. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഏകദേശ അളവും തരവും

പട്ടിക 1.5.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാതം

പട്ടിക 3.1.1. പഠനസംഘം

പട്ടിക 3.5.1 പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ

പട്ടിക 4.8.1 കൈവശഭൂമിയുടെ അളവ്

പട്ടിക 5.1..1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ

പട്ടിക 5.6.2. പദ്ധതിബാധിതമാകുന്ന ഫലദായകവും അല്ലാത്തതുമായ വസ്തുക്കൾ

പട്ടിക 6.1..1 സാമൂഹ്യ വിഭാഗം

പട്ടിക 6.1..2 വൈവാഹികാവസ്ഥ

പട്ടിക 6.1.3 *വിദ്യാഭ്യാസ സ്ഥിതി*

പട്ടിക 6.2.1. പദ്ധതി ബാധിത കുടുംബങ്ങളുടെ മാസവരുമാനം

പട്ടിക 6.2.2. വരുമാനസമ്പാദകരുടെയും ആശ്രിതരുടെയും അനുപാതം

പട്ടിക7.6.1 : സാമൂഹ്യപ്രത്യാഘാത ദൂരീകരിക്കുന്നതിനുള്ള സമീപനം

ചിത്രങ്ങൾ

ചിത്രം 4.7.1. ഭൂമിയുടെ ഉപയോഗം

ചിത്രം 6.1.1 പദ്ധതി ബാധിത കുടുംബങ്ങളുടെ മതം

ചിത്രം 6.1.2. ലിംഗഭേദം

ചിത്രം 6.1.3 പദ്ധതി ബാധിതരുടെ പ്രായം

ചിത്രം 6.2.1. കുടുംബങ്ങളുടെ മാസവരുമാനം

ചിത്രം 6.2.2 കുടുംബങ്ങളുടെ ഒരു മാസത്തെ ചെലവ്.

അദ്ധ്യായം 1

പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഭാരതത്തിൽ കേരള സംസ്ഥാനത്തിലെ തൃശ്ശൂർ ജില്ലയിലെ പുതുക്കാട് പട്ടണത്തിനടുത്തുള്ള, തൃശൂർ പട്ടണത്തിൽ നിന്നും 22 കി.മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് വരന്തരപ്പിള്ളി. മുപ്ലിയം, കൊടകര, ചാലക്കുടി, വെള്ളിക്കുളങ്ങര എന്നീ മലമ്പ്രദേശങ്ങളും, വനഭൂമിയും, എസ്റ്റേറ്റും ഉൾപ്പെടുന്നതാണ് പ്രസ്തുതപ്രദേശം. പൗണ്ട് കവലയിൽനിന്നും കുറുമാലി പുഴയിലൂടെ വഞ്ചിയിൽ മറുകരയിൽ എത്തുക എന്നത് മാത്രമാണ് പ്രദേശത്തെ യാത്രാമാർഗ്ഗം. ഇഞ്ചക്കുണ്ട് ഭാഗത്ത് താമസിക്കുന്ന കർഷകർക്ക് ആശുപത്രി, സ്കൂൾ എന്നിവിടങ്ങളിലേക്ക് എത്തുവാൻ ഈ കടത്തുവഞ്ചി മാത്രമാണ് ഏകമാർഗ്ഗം. അല്ലെങ്കിൽ 19 കി.മീ നടന്ന് മുപ്ലിയം ചുറ്റി യാത്ര ചെയ്യണം.

പ്രദേശത്തിൻെറ വികസനം ലക്ഷ്യം വച്ചുകൊണ്ട് കേരള പൊതുമരാമത്ത് വകുപ്പ് വരന്തരപ്പിള്ളി പഞ്ചായത്തിലെ പൗണ്ട് കവലയിൽ നിന്നും കുറുമാലി പുഴയ്ക്ക് കുറുകെ പാലവും അനുബന്ധറോഡും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പാലം പ്രദേശത്തെ വിനോദസഞ്ചാരമേഖലയായ അതിരപ്പിള്ളി-വാഴച്ചാൽ ഭാഗവുമായി ബന്ധിപ്പിക്കും. കൊടകരയിലെ വിപണി പ്രദേശവും വരന്തരപ്പിള്ളിയും തമ്മിലുള്ള നിലവിലെ 19 കി.മീ ദൂരം പാലം യാഥാർത്ഥ്യമായാൽ 9 കി.മീ.ആയി കുറയും

14/07/2009-ലെ സർക്കാർ ഉത്തരവ് G.O.(Rt) No.1044/08/PWD പ്രകാരം പദ്ധതിയ്ക്ക് 490 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നിർദ്ദിഷ്ട പാലത്തിന് 66.96 മീറ്റർ നീളവും, 11 മീറ്റർ വീതിയും (7.50 മീറ്റർ ക്യാരേജ്‌വേയും ഇരുവശങ്ങളിലും 1.5 മീറ്റർ വീതം നടപ്പാതകളും ഉൾപ്പടെ) അനുബന്ധറോഡിന് ഇരുവശങ്ങളിലും കൂടി 250 മീറ്റർ നീളവുമാണ് ഉദ്ദേശിക്കുന്നത്. മുപ്ലിയം ഭാഗത്തുനിന്നും 0.2845 ഹെക്ടർ വനഭൂമിയും വരന്തരപ്പിള്ളി പഞ്ചായത്തിൽ നിന്നും 0.0867 ഹെക്ടർ സ്വകാര്യ ഭൂമിയും പദ്ധതിയ്ക്ക് ആവശ്യമായി വരുന്നു.

മുപ്ലീയം ഭാഗത്തെ 0.2845 ഹെക്ടർ വനഭൂമി ഏറ്റെടുക്കുന്നതിന് കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലായത്തിൻെറ അനുമതി ലഭ്യമാകുകയും ഭൂമി ഏറ്റെടുക്കുന്ന തിനാവശ്യമായ തുക വനംവകുപ്പിന് നൽകുകയും ചെയ്തു. വരന്തരപ്പിള്ളി ഭാഗത്തെ 0.0867 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപ്പിലാക്കുന്നതിനുള്ള തുകയുടെ അഭാവം നിമിത്തം ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകി. നിർദ്ദിഷ്ട പാലത്തിൻെറ നിർമ്മാണം ഏതാണ്ട് അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണ്. അനുബന്ധ റോഡിൻെറ നിർമ്മാണമാണ് ഇനി നടപ്പിലാക്കേണ്ടത്.

1.2. പദ്ധതി പ്രദേശം

വരന്തരപ്പിള്ളി ഭാഗത്തെ 0.0867 ഹെക്ടർ സ്വകാര്യ ഭൂമിയിലും മുപ്ലിയം ഭാഗത്തെ 0.2845 ഹെക്ടർ വനഭൂമിയിലുമായിട്ടാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്

തൃശൂർ ജില്ലാ കളക്ടറുടെ 2019 ജൂൺ 6-ാംതീയതിയിലെ വിജ്ഞാപനം പ്രകാരം വരന്തരപ്പിള്ളി വില്ലേജിലെ 1079/12, 1080/11, 1080/10,, 1089/1, 1090/1 1090/1 എന്നി സർവ്വേ നമ്പറുകളിനിന്നും ഏകദേശം 0.0721 ഹെക്ടർ സ്വകാര്യ ഭൂമിയാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കേണ്ടത്. പ്രസ്തുത പ്രദേശം തൃശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപിള്ളി പഞ്ചായത്തിലെ 12, 17 വാർഡുകളിൽ പെടുന്നു.

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ വരന്തരപ്പിള്ളി പഞ്ചായത്തിലെ 8 കുടുംബ ങ്ങളുടെ ഉടമസ്ഥതയിലുള്ളതും വനഭൂമിയുമുൾപ്പെടുന്ന 91.71 സെൻറ് സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നത്.

8 കുടുംബങ്ങളിൽ ഉൾപ്പെട്ട 9 ഭൂവുടമകളുടെ സ്ഥലങ്ങളാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്നത്. പദ്ധതി ബാധിതരായ 8 കുടുംബങ്ങളിൽ 6 കുടുംബങ്ങൾ നിർദ്ദിഷ്ട പ്രദേശത്ത് താമസിക്കുന്നവരാണ് 1 കുടുംബം വിദേശത്ത് താമസിക്കുന്നു. ബന്ധപ്പെടുവാനുള്ള വിലാസം ലഭ്യമല്ലാത്തതിനാൽ പദ്ധതി പ്രദേശത്ത് നിന്നും ദൂരെ താമസിക്കുന്ന മറ്റൊരു കുടുംബത്തെ സർവ്വേയിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞില്ല. പ്രസ്തുത കുടുംബത്തിൻെറ പദ്ധതി പ്രദേശത്തുള്ള സ്ഥലത്തേയ്ക്ക് പോകുന്ന സ്വകാര്യവഴിയാണ് പദ്ധതി ബാധിതമാകുന്നത്. ഏറ്റെടുക്കപ്പെടുന്ന 2 സ്ഥലങ്ങൾ

തുറസായ സ്ഥലങ്ങളാണ്. പ്രസ്തുത സ്ഥലങ്ങളിലേയ്ക്കുള്ള സ്വകാര്യവഴികളാണ് പദ്ധതിബാധിതമാകുന്നത്. മറ്റ് സ്ഥലങ്ങളെല്ലാം കുടുംബങ്ങൾ താമസത്തിന് ഉപയോഗിക്കുന്ന സ്ഥലങ്ങളാണ് എങ്കിലും ആരുടെയും വീടുകൾ പദ്ധതിബാധിതമാകുന്നില്ല. ഓരോ റീസർവ്വേ നമ്പറിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ അളവും സ്വഭാവവും താഴെ പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്നു.

പട്ടിക 1.3.1 : ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഏകദേശ അളവും തരവും

ക്രമ നമ്പർ	റിസർവ്വേ/ സബ് ഡിവിഷൻ നമ്പർ	തരം	ഏറ്റെടുക്കുന്ന ഏകദേശ അളവ് ഹെക്ടറിൽ
1	1079/12	പുരയിടം	0.0033
2	1080/11	പുരയിടം	0.0007
3	1080/10	പുരയിടം	0.0029
4	1089/1	പുരയിടം	0.0003
5	1090/1	പുരയിടം	0.0582
6	1090/1	പുരയിടം	0.0067
	ആകെ		**0.0721**

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പ്രദേശത്തെ ജനങ്ങൾ കുറുമാലി പുഴ കടക്കുവാൻ ഉപയോഗിക്കുന്ന ഏക മാർഗ്ഗമായ കടത്ത് ബോട്ട് സുരക്ഷിതമോ വേഗതയുള്ളതോ അല്ല. ഇതിനുള്ള ഏകപരിഹാര മാർഗ്ഗമായ പാലത്തിനും അനുബന്ധറോഡിനും വേണ്ടി ദീർഘനാളായ് ആവശ്യം ഉന്നയിച്ചു വരുന്നു. പദ്ധതിയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ അവിടെ താമസിക്കുന്ന പദ്ധതി **ബാധിതരായ 8 കുടുംബങ്ങളിൽ ആരെയും കുടിയൊഴിപ്പിക്കേണ്ടി വരുന്നില്ല. പദ്ധതി ബാധിതരായ 2 കുടുംബങ്ങൾ** അവിടെ താമസിക്കുന്നില്ല. നിർദ്ദിഷ്ട പാലവും അനുബന്ധറോഡും പ്രദേശത്തെ പുറം ലോകവുമായി ബന്ധിപ്പിക്കുന്ന മികച്ച മാർഗ്ഗമായിരിക്കും. നിർദ്ദിഷ്ടപാലത്തിൻെറ നിർമ്മാണം ഏകദേശം പൂർത്തിയായി കഴിഞ്ഞു. ആയതിനാൽ മറ്റ് മാർഗ്ഗങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

8 കുടുംബങ്ങളാണ് പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്നത്. പക്ഷെ പദ്ധതിയ്ക്ക് വേണ്ടി ആരെയും കുടിയൊഴിപ്പിക്കേണ്ടി വരുന്നില്ല. **പദ്ധതിബാധിത കുടുംബങ്ങളിൽ 2 കുടുംബങ്ങൾ പ്രദേശത്ത് താമസമില്ല. പദ്ധതി** മൂലം ഓരോ കുടുംബത്തിനും നേരിടേണ്ടി വരുന്ന നഷ്ടം താഴെ പട്ടികയിൽ വിവരിക്കുന്നു.

പട്ടിക 1.5.1

പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാതം

ക്രമ നമ്പർ	ഉടമയുടെ പേര്	സർവ്വേ നമ്പർ	പ്രത്യാഘാതം
1	സുരേഷ്.കെ.ആർ കിഴക്കേതയ്യിൽ വേലുപാടം	1090/1	0.0445 ഹെക്ടർ സ്ഥലം, മാവ്, 3 അടയ്ക്കാ മരം, തേക്ക്, തെങ്ങ്, 2പ്ലാവ് എന്നിവയും 2000/-രൂപ മാസവരുമാനവും നഷ്ടമാകും
2	ലീല രാമകൃഷ്ണൻ കിഴക്കേതയ്യിൽ വേലുപാടം	1090/1	0.0364 ഹെക്ടർ സ്ഥലം, മാവ്, 2 അടയ്ക്കാ മരം, 2 തെങ്ങ്, ലവ്ലോലിക്ക റോസ്ആപ്പിൾ, കണിക്കൊന്ന എന്നിവയും 2000/-രൂപ മാസ വരുമാനവും നഷ്ടമാകും
3	വത്സ, W/o.ജോയ് ചീനിക്ക,വേലൂപാടം	1080	0.0586 ഹെക്ടർ സ്ഥലം, 2 തെങ്ങുകൾ,എന്നിവനഷ്ടമാകും
4	അനീഫ S/o. ഖാലിദ് വലിയകത്ത്,വേലൂപാടം	1089	0.0161 ഹെക്ടർ സ്ഥലം, കിണർ, പ്ലാവ്, തെങ്ങ്,എന്നിവയും 1000/-രൂപ മാസ വരുമാനവും നഷ്ടമാകും
5	ഡാൽഫിൻ ജേക്കബ് കോഴിക്കുന്നേൽ വേലൂപാടം	1089	0.0141 ഹെക്ടർ സ്ഥലം, തെങ്ങ്, ദേവദാരു മതിൽ എന്നിവ നഷ്ടമാകും
6	നൗഷാദ് പൊട്ടങ്ങൻ വീട് വേലൂപാടം	1080	0.0303 ഹെക്ടർ സ്ഥലം, 2 തെങ്ങ്, സെപ്റ്റിക് ടാങ്ക് എന്നിവ നഷ്ടമാകും
7	അബൂബക്കർ ചോലക്കൻ വീട് വേലൂപാടം	1080	0.0040 ഹെക്ടർ സ്ഥലം, പ്ലാവ്, മാവ്, തെങ്ങ്, ചുറ്റുമതിൽ എന്നിവയുംഇവയിൽനിന്നുമുള്ള 1000/-രൂപ മാസ വരുമാനവും

			നഷ്ടമാകും. വൈദ്യുതി തൂൺ മാറ്റേണ്ടി വരും. നിർമ്മാണ വേളയിൽ പലഹാരയൂണിറ്റിൻെറ പ്രവർത്തനം ബുദ്ധിമുട്ടാകും എന്നതിനാൽ ഉപജീവനത്തെ ബാധിക്കും
8	നൂഹ്.കെ.ബി കടുങ്ങാട്ട് പറമ്പിൽ വേലൂപാടം	1079	സ്ഥലം
9	സിനി ഷാജി അമ്പലത്ത് വീട്ടിൽ വേലൂപാടം	1089	സ്ഥലം

കുറിപ്പ്: *മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽ നിന്നും ലഭിച്ച താണ്; രേഖാപരമായി തെളിവുകൾ പരിശോധിക്കേണ്ടതാണ്*

മേൽ വിവരിച്ച വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടെന്നിരിക്കിലും, നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ഗതാഗതം മെച്ചപ്പെടുത്തികൊണ്ട് മറ്റ് ജില്ലകളിലെ പ്രദേശങ്ങളിലേക്കുള്ള എത്തിപ്പെടൽ എളുപ്പമാക്കും.

1.6 ലഘൂകരണ നടപടികൾ

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതിബാധിത കുടുംബങ്ങൾക്ക് നൽകേണ്ടതാണ്
- **ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 19.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(P)No.470/2015/RD പ്രകാരവും 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാര വും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ**

അദ്ധ്യായം 2

പദ്ധതിയുടെ വിശദവിവരങ്ങൾ

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ കുറുമാലി പുഴയാൽ വേർതിരിക്കപ്പെട്ട രണ്ട് ഗ്രാമങ്ങളാണ് വരന്തരപ്പിള്ളിയും, മുപ്ലീയവും. ജനവാസം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് കച്ചേരിക്കടവിൽ പാലവും അനുബന്ധ റോഡും നിർമ്മിക്കുവാനുള്ള കേരള പൊതുമരാമത്ത് വകുപ്പിൻെറ പദ്ധതിക്ക് കേരള സർക്കാർ 14/07/2009 തീയതിയിലെ G.O(Rt)No.1044/08/PWD പ്രകാരം 490 ലക്ഷം രൂപ വകയിരുത്തി അനുമതി നൽകി. ഇൻവെസ്റ്റിഗേഷൻ നടപാടികൾക്കുവേണ്ടി 3.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആയതിന് ഭാഗികമായ സാങ്കേതിക അനുമതി ലഭ്യമാകുകയും ചെയ്തു.

നിർദ്ദിഷ്ടപാലം അനുബന്ധ റോഡ് പദ്ധതിയുടെ അംഗീകരിക്കപ്പെട്ട അലൈൻമെൻറ് പ്രകാരം വരന്തരപ്പിള്ളി വില്ലേജിൽ നിന്നും 0.0867 ഹെക്ടർ സ്വകാര്യ ഭൂമിയും മുപ്ലീയം ഭാഗത്തുനിന്നും 0.2845 ഹെക്ടർ വനഭൂമിയും ഏറ്റെടുക്കുവാൻ തീരുമാനിച്ചു. പൊതുമരാമത്ത് വകുപ്പിൻെറ 13/02/2010-ലെ അഭ്യർഥന അനുസരിച്ച് വനഭൂമി ഏറ്റെടുക്കുന്നതിൻെറ ആദ്യഘട്ട അനുമതി 10-09-2014 തീയതിയിലെ F.O.No4KLB/1009/2014/BAN of MOEF പ്രകാരവും 5/06/2015 തീയതിയിലെ G.O.(Rt) No.833/2015/PWD/Tvm പ്രകാരവും ലഭ്യമായി. പിന്നീട് വരന്തരപ്പിള്ളി വില്ലേജിൽ നിന്നും 0.0867 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് പഴയ ഭൂമിയേറ്റെടുക്കൽ നടപടിപ്രകാരം തൃശ്ശൂർ ജില്ലാകളക്ടറുടെ 28-12-2012-ൽ പ്രസിദ്ധപ്പെടുത്തിയ 6(1) വിജ്ഞാപനം അനുസരിച്ച് 09/11/2012 തീയതിയിൽ സ്പെഷ്യൽ തഹസിൽദാറെ നിയമിച്ചു.

വനഭൂമി ഏറ്റെടുക്കുന്നതിനുള്ള ആദ്യഘട്ട അനുമതി പ്രകാരം നൽകേണ്ടിയിരുന്ന 3,20,000/- രൂപയ്ക്ക് 28/05/2015-ൽ ധനവകുപ്പ് അനുമതി നൽകിയെങ്കിലും പ്രസ്തുത തുക ചെലവഴിക്കപ്പെട്ടിട്ടില്ല. ആദ്യഘട്ട അനുമതിയുടെ അടിസ്ഥാനത്തിൽ സാങ്കേതിക അനുമതി ലഭ്യമാകുന്നതിന് ഒരു എസ്റ്റിമേറ്റ് സമർപ്പിക്കുകയും തൽഫലമായി 26/12/2015 തീയതിയിൽ ഉത്തരവ് നമ്പർ 133/CE/2015-16 പ്രകാരം 495.82 ലക്ഷം രൂപ അനുവദിക്കുകയുംചെയ്തു. പിന്നീട് ടെണ്ടർ നടപടികളുടെ ഭാഗമായി സുപ്രണ്ടിംഗ് എഞ്ചിനീയർ (സെൻട്രൽ റീജിയൻ, ആലുവ) 18-05-2016 തീയതിയിലെ വർക്ക് ഓർഡർ DT3(B)23/14 പ്രകാരം കോൺട്രാക്ടർ ശ്രീ.കെ.ജെ.വർഗീസിനെ നിർമ്മാണം ഏൽപ്പിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പിന്നീട് 23/5/2016 തീയതി മുതൽ 18 മാസം കാലാവധിക്കുള്ളിൽ നിർദ്ദിഷ്ട പാലം പണി പൂർത്തിയാക്കുന്നതിനുള്ള കോൺട്രാക്ട് 18/07/2016-ൽ ഒപ്പ് വച്ചു.

വനഭൂമി ഏറ്റെടുക്കുന്നതിന് ലഭ്യമായ തുക 20/01/2016-ൽ പെഗ്മാർക്കിങ്ങ് ഒപ്പം വനം വകുപ്പിന് നൽകി. 10/11/2014 തീയതിയിലെ പരിസ്ഥിതി വനംമന്ത്രാലയത്തിൽ നിന്നുള്ള കത്ത് F-N-4-KLB/1009/2014./1002, അഡീഷണൽ പ്രിൻസിപ്പാൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോഡൽ ഓഫീസർ എന്നിവരുടെ 19/11/2016 തീയതിയിലെ കത്ത്. FC2-634/12 പ്രകാരവും വനഭൂമി ഏറ്റെടുക്കുന്നതിന് രണ്ടാം ഘട്ട അനുമതി ലഭ്യമായി.

തൃശൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ടതനുസരിച്ച് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പുതിയ നിയമം പ്രകാരം 11/01/2017 ൽ പുതുക്കിയ അർത്ഥനാഫോറം സമർപ്പിച്ചു. പിന്നീട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവും യാദൃശ്ചിക ചെലവും അടക്കുവാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടതനുസരിച്ച് ആയത് ലഭ്യമാകുവാൻ 10/11/2017 ന് ചീഫ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിച്ചു. 14/12/2017 ന് പുതിയ നിയമമനുസരിച്ച് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് നടപടികൾ പുനരാരംഭിച്ചു.

സാങ്കേതിക അനുമതി എസ്റ്റിമേറ്റിൽ ഭൂമി ഏറ്റെടുക്കലിന് 13 ലക്ഷം രൂപ ഉൾപ്പെടുത്തിയിരുക്കുന്നു. പക്ഷെ തൃശ്ശൂർ (ഭൂമി ഏറ്റെടുക്കൽ) സ്പെഷ്യൽ തഹസിൽദാറുടെ 15/1/2018 തീയതിയിലെ B-1200/17 നമ്പർ കത്ത് പ്രകാരം വരാന്തരപ്പിള്ളി ഭാഗത്ത്

0.086 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 86,21,424 രൂപയാണ് അഭ്യർത്ഥിച്ചിരിക്കുന്നത്. 04-08-2018 തീയതിയിലെ സർക്കാർ ഉത്തരവ് G.O (MS)No.1214/2018/ PWD പ്രകാരം 30% എസ്റ്റാബ്ലിഷ്മെൻറ് ചാർജ് ഒഴിവാക്കി 67,05,552 രൂപയ്ക്കുള്ള അനുമതിയും സർക്കാർ ഉത്തരവ് G.O(Ms)No.1213/2018/PWD പ്രകാരം 0.0867 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള സർക്കാർ അനുമതിയും ലഭ്യമായിട്ടുണ്ട്.

കേന്ദ്രപൊതുമരാമത്ത് മന്ത്രാലയത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന കേരള സർക്കാരിൻെറ പ്രധാന ഡിപ്പാർട്ട്മെൻറുകളിൽ ഒന്നായ പൊതുമരാമത്ത് വകുപ്പ് ആണ് പദ്ധതിയുടെ നിർവ്വാഹകർ.

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

കേരളത്തിലെ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ ആമ്പല്ലൂരിനടുത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ആണ് വരന്തരപ്പിള്ളി. കുറുമാലി പുഴ വരന്തരപിള്ളി പഞ്ചായത്തിനെ മുപ്ലിയം, വരന്തരപിള്ളി എന്ന രണ്ട് ഭാഗങ്ങളായ് വേർതിരിക്കുന്നു. മുപ്ലിയം, കൊടകര, ചാലക്കുടി, വെള്ളിക്കുളങ്ങര എന്നീ മലകളും വനമേഖലയും എസ്റ്റേറ്റും ഉൾപ്പെടുന്നതാണ് പ്രസ്തുത പ്രദേശം. പൗണ്ട് കവലയിൽ നിന്നും കുറുമാലി പുഴയിലൂടെ മറുകരയിലേയ്ക്ക് കടത്തുവഞ്ചി മാത്രമാണ് ഇവിടത്തെ ഏക യാത്രാമാർഗ്ഗം. ഇഞ്ചക്കുണ്ട് ഭാഗത്ത് താമസിക്കുന്ന കർഷകർക്ക് റേഷൻകട, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലേക്ക് എത്തുവാൻ ഈ കടത്തുവഞ്ചി മാത്രമാണ് ഏകമാർഗ്ഗം. അല്ലെങ്കിൽ 19 കി.മീ നന്തിപുലം ചുറ്റി യാത്ര ചെയ്യണം. പ്രസ്തുത പാലം പദ്ധതി പ്രദേശത്തെ വിനോദസഞ്ചാരമേഖലയായ അതിരപ്പിള്ളി-വാഴച്ചാൽ ഭാഗവുമായി ബന്ധിപ്പിക്കും. കൊടകരയിലെ വിപണി പ്രദേശവും വരന്തരപ്പിള്ളിയും തമ്മിലുള്ള നിലവിലെ 19 കി.മീ ദൂരം പാലം യാഥാർത്ഥ്യമായാൽ 9 കി.മീ.ആയി കുറയും. ആയതിനാൽ നിർദ്ദിഷ്ട പദ്ധതി നിലവിൽ വന്നാൽ പ്രദേശത്തെ യാത്രാക്ലേശത്തിന് പരിഹാരമാകുകയും പ്രദേശത്തിൻെറ വികസനത്തിന് കാരണമാകുകയും ചെയ്യും.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1)b(i)

പ്രകാരം കച്ചേരിക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണ പദ്ധതി ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

പ്രദേശത്തെ ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുക, പ്രദേശത്തെ ഗതാഗതം സുഗമമാക്കുക എന്നിവയാണ് നിർദ്ദിഷ്ട കച്ചേരിക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. വരന്തരപ്പിള്ളി ഭാഗത്ത് 0.0867 ഹെക്ടർ സ്ഥലത്തും, മുപ്ലിയം ഭാഗത്ത് 0.2845 ഹെക്ടർ സ്ഥലത്തുമായാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രദേശങ്ങൾ തൃശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി വില്ലേജിൽ പെടുന്നു. മുപ്ലീയം ഭാഗത്തു നിന്നും വരന്തരപ്പിള്ളി ഭാഗത്തു നിന്നും ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങൾ യഥാക്രമം വനഭൂമിയും സ്വകാര്യ ഭൂമിയുമാണ്. തൃശൂർ ജില്ലാ കളക്ടറുടെ 2019 ജൂൺ 6-ാം തീയതിയിലെ വിജ്ഞാപനം പ്രകാരം വരന്തരപ്പിള്ളി വില്ലേജിലെ 1079/12, 1080/11, 1080/10, 1089/1, 1090/1, 1090/1 എന്നി സർവ്വേ നമ്പറുകളിലുൾപ്പെട്ട ഏകദേശം 0.0721 ഹെക്ടർ സ്വകാര്യ ഭൂമിയാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കേണ്ടത്. പ്രസ്തുത പ്രദേശം വരന്തരപിള്ളി പഞ്ചായത്തിലെ 12, 17 വാർഡുകളിൽ പെടുന്നു.

14/07/2009 തീയതിയിലെ സർക്കാർ ഉത്തരവ് G.O.(Rt.) No.1044/08/PWD .പ്രകാരം പദ്ധതിയ്ക്ക് 490 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

നിർദ്ദിഷ്ട പാലത്തിൻെറ ആകെ നീളം 66.96 മീറ്ററും വീതി 11 മീറ്ററും (7.5 മീറ്റർ നീളത്തിൽ ക്യാരേജ് വേയും ഇരുവശങ്ങളിലും 1.5 മീറ്റർ നടപ്പാതയും ഉൾപ്പെടെ) ആണ്. അനുബന്ധ റോഡിന് ഇരുവശങ്ങളിലും കൂടി 250 മീറ്റർ നീളം ഉണ്ടായിരിക്കും.

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

കുറുമാലി പുഴയിലൂടെയുള്ള ഗതാഗതത്തിനായി നിലവിൽ ഉപയോഗിക്കുന്ന കടത്ത് സുരക്ഷിതമോ സുഗമമോ അല്ല. ഇതിന് ഏറ്റം അനുയോജ്യമായ പരിഹാരമെന്ന നിലയിൽ പാലത്തിനും അനുബന്ധറോഡിനും വേണ്ടി വളരെ വർഷങ്ങളായി ആവശ്യമു

യർന്നു വരുന്നു. പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഇവിടെ താമസിക്കുന്ന 6 കുടുംബങ്ങളിൽ ആരെയും കുടുയൊഴിപ്പിക്കേണ്ടി വരുന്നില്ല, ശേഷിച്ച 2 കുടുംബങ്ങൾ പ്രദേശത്തെ താമസക്കാരല്ല. ആയതിനാൽ ഇതു തന്നെയാണ് പദ്ധതിയ്ക്കു വേണ്ടിയുള്ള മെച്ചപ്പെട്ട മാർഗ്ഗം.

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

അർത്ഥനാധികാരി നൽകിയ വിവരമനുസരിച്ച് ആദ്യഘട്ടമായ പാലത്തിൻെറ നിർമ്മാണം 87% പൂർത്തിയായി കഴിഞ്ഞു. പദ്ധതിയ്ക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചു

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിർദ്ദിഷ്ട പാലത്തിൻെറ ആകെ നീളം 66.96 മീറ്ററും വീതി 11 മീറ്ററും (7.5 മീറ്റർ നീളത്തിൽ ക്യാരേജ് വേയും ഇരുവശങ്ങളിലും 1.5 മീറ്റർ നടപ്പാതയും ഉൾപ്പെടെ) ആണ്. അനുബന്ധ റോഡിന് ഇരുവശങ്ങളിലും കൂടി 250 മീറ്റർ നീളം ഉണ്ടായിരിക്കും.

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

- പ്രദേശത്ത് വെള്ളകെട്ട് ഉണ്ടാകാതിരിക്കുന്നതിനും മഴവെള്ളം ഒഴുപോകുന്നതിനും മതിയായ ചാനലുകൾ നിർമ്മിക്കുക എന്നതു പോലുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് പ്രദേശവാസികളായ ആഘാതബാധിത കുടുംബങ്ങൾ ആവശ്യമുന്നയിക്കുന്നു.

- പുഴയുടെ ഒഴുക്കിന് തടസ്സം സൃഷ്ടിച്ച്, പ്രളയകാലത്ത് അടിഞ്ഞു കൂടിയ മരങ്ങളും മറ്റ് വസ്തുക്കളും ഇവിടെ നിന്നും നീക്കം ചെയ്യണം. പഞ്ചായത്ത് കമ്മിറ്റിയും, ഇറിഗേഷൻ ഡിപ്പാർട്ട്മെൻറും, വനം വകുപ്പും തമ്മിൽ ധാരണയിലെത്തിയെങ്കിലും ഇതുവരെയും ഇതിനുവേണ്ട നടപടികൾ എടുത്തിട്ടില്ല. പ്രസ്തുത വിഷയം ജില്ലാ കളക്ടറുടെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്.
- നിലവിൽ കടത്ത് അവിടെ പ്രവർത്തിക്കുന്നില്ലാത്തതിനാൽ പദ്ധതി നിർമ്മാണ ഘട്ടത്തിൽ പുഴയിലൂടെയുള്ള ഗതാഗതം തടസ്സം ഇല്ലാതെ നടക്കുവാൻ ഒരു താല്കാലിക സംവിധാനം ഉണ്ടാക്കണം.

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

കേരള പൊതുമരാമത്ത് വകുപ്പിൻെറ ടെണ്ടർ നടപടികൾ പ്രകാരം സ്ഥിരവും താല്ക്കാലികവുമായ തൊഴിലാളികളും ആധുനിക മെഷീനറികളും ഉണ്ടായിരിക്കും.

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

ലഭ്യമായ വിവരമനുസരിച്ച് സാമൂഹ്യ പരിസ്ഥിതി ആഘാതങ്ങൾ വിലയിരുത്തുവാൻ മുമ്പേ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക സാധ്യതാ പഠന റിപ്പോർട്ടുകളും ലഭിച്ചിട്ടില്ല.

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

നിർദ്ദിഷ്ട കച്ചേരിക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013.
- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള

സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം

- വിവരാവകാശ നിയമം 2005

അദ്ധ്യായം 3

പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ രൂപരേഖ ഉണ്ടാക്കുന്നതിനും 06.06.2019 തീയതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ ഗസറ്റ് വിജ്ഞാപനം നമ്പർ DCTSR/4941/2018-E5 പ്രകാരം കളമശ്ശേരി രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തി. ആയതിനാൽ സദൃശമായ പദ്ധതികളിൽ പ്രവർത്തിച്ച പരിചയ സമ്പന്നരായ വ്യക്തികളെ ഉൾക്കൊള്ളിച്ച് ഓരോരുത്തർക്കും വ്യക്തമായ ഉത്തരവാദിത്തങ്ങൾ നൽകി പഠനത്തിനുവേണ്ടി പഠന സംഘം രൂപപ്പെടുത്തി

പട്ടിക 3.1.1 പഠനസംഘം

ക്രമ നമ്പർ	പേര്	വിദ്യാഭ്യാസയോഗ്യത പദവി	പ്രവർത്തനപരിചയം
1	മീന കുരുവിള	എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ	വികസനമേഖലയിൽ 31 വർഷത്തെ പ്രവർത്തന പരിചയം
2	ഡോ:ബിനോയ് ജോസഫ്	എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 23 വർഷത്തെ പ്രവർത്തന പരിചയം

		സയൻസസ്)	
3	മരിയ ടെൻസി വി.എസ്.	എം.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ്	വികസനമേഖലയിൽ 27 വർഷത്തെ പ്രവർത്തന പരിചയം
4	ബിജു സി.പി.	ബി.എ. ഡെവലപ്പ്മെൻറ് ഓഫീസർ	വികസനമേഖലയിൽ 24 വർഷത്തെ പ്രവർത്തന പരിചയം
5	ലിജി. വി.ഇ.	എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ്	വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം
6	ദിവ്യ പി.ജി.	എം.എ. റിസേർച്ച് അസ്സോസിയേറ്റ്	വികസനമേഖലയിൽ 10 വർഷത്തെ പ്രവർത്തന പരിചയം
7	ചിത്ര.കെ.	എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ്	വികസനമേഖലയിൽ 2 വർഷത്തെ പ്രവർത്തന പരിചയം

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭ്യമായ രേഖാപ്രകാരം **8 കുടുംബങ്ങളിൽ ഉൾപ്പെട്ട 9 ഭൂവുടമകളാണ് പദ്ധതി ബാധിതരാകുന്നത്.** ഓരോ കുടുംബത്തിനും ഉണ്ടായേക്കാനിടയുള്ള പ്രത്യാഘാതങ്ങൾ മനസിലാക്കുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം തയ്യാറാക്കുന്നതിനും വേണ്ടി മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് 2019 ഫെബ്രുവരി 11,19 തീയതികളിൽ ആഘാത ബാധിത കുടുംബങ്ങളിൽ സർവ്വേ നടത്തി. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെയും ആഘാതത്തിൻെറയും അളവ് ഓരോ കുടുംബത്തിലും വ്യത്യസ്തമായതിനാൽ വിവരശേഖരണത്തിന് സെൻസ്സസ് മാതൃകയിലുള്ള സാമൂഹ്യ സാമ്പത്തിക സർവ്വേയാണ് നടത്തിയത്. **ബന്ധപ്പെടുവാനുള്ള വിലാസമോ നമ്പറോ ലഭ്യമല്ലാത്തതിനാൽ പദ്ധതി പ്രദേശത്തിനു ദൂരെ താമസിക്കുന്ന 1 കുടുംബത്തെ സർവ്വേയിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞില്ല.** പദ്ധതിയുടെ ആഘാതം ആഴത്തിൽ മനസ്സിലാക്കുന്നതിന്, പിന്നീട് പദ്ധതി പ്രദേശത്തിനടുത്തുള്ള പ്രധാന വ്യക്തികളുമായി കൂടിക്കാഴ്ച്ചകളും നടത്തി.

പ്രാഥമിക വിവരങ്ങൾ പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും നേരിട്ട് ശേഖരിക്കുന്നതിന് പഠനസംഘം ഓരോ കുടുംബങ്ങളും സന്ദർശിച്ച് പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് പഠനം നടത്തി. സമൂഹത്തിലെ പ്രധാന വ്യക്തികളായ പഞ്ചായത്ത് ജനപ്രതിനിധികൾ, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവരുമായും കൂടിക്കാഴ്ച്ച നടത്തി. പഠനത്തിനു വേണ്ട ദ്വിതീയ വിവരങ്ങൾ പൊതുമരാമത്ത് വകുപ്പിൻെറ റോഡ് വിഭാഗം, ചാലക്കുടിയിൽ നിന്നും ലഭ്യമായി.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ അളവും പ്രത്യാഘാതത്തിൻെറ അളവും ഓരോ കുടുംബത്തിനും വ്യത്യസ്തമായതിനാൽ മാതൃകാപരിശോധനാ രീതിയേക്കാൾ സെൻസ്സസ് മാതൃകയിലുള്ള സാമൂഹ്യ സാമ്പത്തിക സർവ്വേയാണ് പഠനത്തിന് അനുയോജ്യമായത്.

3.4.പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

വിവിധ മാർഗ്ഗങ്ങളിലൂടെ ലഭ്യമായ പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ സംഖ്യാധിഷ്ടിതവും ഗുണാധിഷ്ടിതവുമായ മാർഗ്ഗങ്ങളിലൂടെ വിലയിരുത്തി. പ്രസിദ്ധീകരിക്കപ്പെട്ട റിപ്പോർട്ടുകളിലൂടെയും മറ്റും വിവിധ ഘട്ടങ്ങളിലായാണ് പഠനസംഘം ദ്വിതീയ വിവരങ്ങൾ ശേഖരിച്ചത്.

3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനത്തിൻെറ ഭാഗമായി തൽപരകഷികളുമായി വിവിധ മീറ്റിംഗുകൾ/കൂടിക്കാഴ്ച്ചകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിച്ചു.

പട്ടിക 3.5.1 പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ

തീയതി	പ്രവർത്തനം/മീറ്റിംഗ്	സ്ഥലം
01.03.2019	പ്രാഥമിക പഠനവും തൽപരകക്ഷികളുമായി കൂടിക്കാഴ്ച്ചയും	വരന്തരപ്പിള്ളി പഞ്ചായത്ത്
04.03.2019	സാമൂഹ്യ സാമ്പത്തിക സർവ്വേയും, കൂടിക്കാഴ്ച്ചയും	വരന്തരപ്പിള്ളി പഞ്ചായത്ത് വാർഡ് നമ്പർ 12,17

		കുടുംബങ്ങൾ
12.06.2019	ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, വില്ലേജ് ഓഫീസർ, മുനിസിപ്പൽ ചെയർമാൻ എന്നിവരുമായി കൂടിക്കാഴ്ച്ച	കളക്ട്രേറ്റ്, വില്ലേജ് ഓഫീസ്
17.09.2019	**പബ്ലിക് ഹിയറിങ്ങ്**	**ഭദ്രകാളി രുദ്രാദേവി ക്ഷേത്രം ഹാൾ, വരന്തരപിള്ളി**

പബ്ലിക് ഹിയറിംഗ്

കച്ചേരിക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി 17.09.2019 തീയതിയിൽ പകൽ 11 മണിക്ക് വരന്തരപ്പിള്ളി ഭദ്രകാളി രുദ്രാദേവി ക്ഷേത്രം ഹാളിൽ നടത്തിയ പബ്ലിക് ഹിയറിങ്ങിൽ പ്രത്യാഘാതബാധിത കുടുംബങ്ങളിൽ ഉൾപ്പെട്ടതും പ്രദേശവാസികളുമായ 17 പേർ പങ്കെടുത്തു. കൂടാതെ ശ്രീ.കെ.ജെ. ഡിക്സൺ (സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ, പബ്ലിക് വർക്ക്സ്, ജില്ലാപഞ്ചായത്ത്), ശ്രീമതി.ജയശ്രീ കൊച്ചുഗോവിന്ദൻ (പ്രസിഡണ്ട്, വരന്തരപിള്ളി ഗ്രാമപഞ്ചായത്ത്), ശ്രീമതി. പുഷ്പ കഷ്ണൻകുട്ടി (12-ാം വാർഡ് മെമ്പർ), ശ്രീ.വി.ആർ.പരമേശ്വരൻ (17-ാം വാർഡ് മെമ്പർ) എന്നിവരും പങ്കെടുത്തു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് ചെയർപേഴ്സൺ ശ്രീമതി.മീന കുരുവിള പബ്ലിക് ഹിയറിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ചു. പദ്ധതിബാധിത കുടുംബങ്ങൾ പബ്ലിക് ഹിയറിങ്ങിൽ ഉന്നയിച്ച സംശയങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിലെ ഉദ്യോഗസ്ഥരായ ശ്രീ കെ.എസ്.ലാലു, ശ്രീ. പ്രവീൺകുമാർ എന്നിവരും പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗം, തൃശൂർ കാര്യാലത്തിലെ ഉദ്യോഗസ്ഥരായ ശ്രീ.എം.കെ.സന്തോഷ്കുമാർ, ശ്രീമതി. വി.ആർ. ദീപ എന്നിവരും മറുപടി നൽകി. പബ്ലിക് ഹിയറിങ്ങ് നടപടികൾ വീഡിയോ റെക്കോർഡ് ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ പദ്ധതിബാധിതർ ഉന്നയിച്ച ചോദ്യങ്ങൾ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് അർത്ഥനാധികാരിക്കും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനും എഴുതി നൽകുകയും ആയതിന് മറുപടി ലഭ്യമാകുകയും ചെയ്തു. പ്രസ്തുത ചോദ്യങ്ങളും ഉത്തരങ്ങളും പട്ടിക 3.5.2 ൽ നൽകിയിരിക്കുന്നു

പട്ടിക 3.5.2 പബ്ലിക് ഹിയറിങ്ങിൽ പദ്ധതിബാധിതർ ഉന്നയിച്ച ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും

വേദി : വരന്തരപ്പിള്ളി ഭദ്രകാളി രുദ്രാദേവി ക്ഷേത്രം ഹാൾ

തീയതി: 17.09.2019

ചോദ്യകർത്താവിൻെറ പേര്/ സർവ്വെ നമ്പർ	ആശങ്ക/അഭിപ്രായം	ബന്ധപ്പെട്ട അധികാരിയുടെ മറുപടി
അബൂബക്കർ 1080	തൻെറ കിണറിനോട് ചേർന്നാണ് (1/2 മീറ്ററിനുള്ളിൽ) റോഡ് വരുന്നത്. കിണർ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല എങ്കിലും പിന്നീട് കിണർ ഉപയോഗിക്കുന്നതിൽ ബുന്ധിമുട്ടുണ്ടാകില്ലേ ?	അബൂബക്കറിൻെറ വീടിൻെറ ഭാഗത്ത് നിലവിലുള്ള റോഡ് നിരപ്പുമായ് പാലത്തിൻെറ റോഡ് ചേർന്ന് കഴിഞ്ഞിരിക്കും. അതിനാൽ അവിടെ റോഡ് താഴ്ത്തൽ, മണ്ണെടുക്കൽ തുടങ്ങിയ പണികൾ വേണ്ടിവരില്ല. നിലവിലുള്ള റോഡിന് വീതി കൂട്ടുക മാത്രമേ ചെയ്യുന്നുള്ളു. അതുകൊണ്ട് കിണറിനെ ബാധിക്കില്ല. പ്രസ്തുത ഭാഗത്ത് കാന പണിത് സിമൻറിട്ട് തരുന്നതായിരിക്കും.
ലീല 1090	പാലം നിർമ്മാണത്തിനു വേണ്ടി തൻെറ പറമ്പിൽ നിന്നിരുന്ന 2,3 മരങ്ങൾ മുറിച്ചിരുന്നു. സൈഡ് കെട്ടിതരാമെന്ന് പറഞ്ഞിട്ടും നടപടി ഒന്നും ഉണ്ടായില്ല. സൈഡ് കെട്ടാത്തതുകൊണ്ട് 2 സെൻറ് സ്ഥലം പുഴയിലേയ്ക്ക് ഇടിഞ്ഞുപോയി ആ ഭാഗത്തെ മരങ്ങൾ വീഴാൻ തക്ക വിധത്തിൽ നിൽക്കുന്നു.	മരങ്ങൾ പദ്ധതിബാധിതമാകുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലത്തിനുവേണ്ടി പൊളിച്ച ഭാഗത്ത് അനുബന്ധറോഡിൻെറ പണി കഴിയുമ്പോൾ എതിർ വശത്തുള്ളതുപോലെ അബട്ട്മെൻറിൻെറ മുൻവശത്ത് ഇരുവശവും റിട്ടെയിനിങ്ങ് വാൾ നിർമ്മിക്കും
സുരേഷ് 1090	പാലം നിർമ്മിച്ചപ്പോൾ ഫോറസ്റ്റിൻെറ ഭാഗത്ത് ഉള്ളതുപോലെ തങ്ങളുടെ പറമ്പിൻെറ ഭാഗത്തും 50 മീറ്റർ	അബട്ട്മെൻറിൻെറ സംരക്ഷണത്തിനു വേണ്ടി മുൻഭാഗത്ത് ഏകദേശം 23 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി

	കോൺക്രീറ്റ് മതിൽ നിർമ്മിക്കാം എന്ന് പറഞ്ഞിരുന്നു എങ്കിലും ചെയ്തിട്ടില്ല. പറമ്പ് ഇടിയാതിരിക്കുവാൻ കോൺക്രീറ്റ് വാൾ ആവശ്യമാണ്	കെട്ടുന്നതാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ നീളത്തിൽ സംരക്ഷണ ഭിത്തി കെട്ടുന്നതിന് ഇറിഗേഷൻ വകുപ്പുമായ് ബന്ധപ്പെടേണ്ടതാണ്
	കിണറിൽ റിങ്ങ് ഇല്ലാത്തതിനാൽ റോഡ് നിർമ്മാണത്തിൻെറ സമയത്ത് ഇടിച്ചിൽ വരുവാൻ സാധ്യതയുണ്ട്.	കിണർ പദ്ധതിപ്രദേശത്ത് നിന്നും കുറച്ച് മാറിയാണുള്ളത് കൂടാതെ അവിടെ സംരക്ഷണ ഭിത്തിയുടെ ഉയരം കൂറവുമായിരിക്കും. വശങ്ങളിൽ 60 സെൻറിമീറ്റർ താഴ്ച്ചയിൽ കാന നിർമ്മിക്കുന്നതിനാൽ വെള്ളം ഒഴുകിവരില്ല. കാനയുടെ വശങ്ങൾ കെട്ടിയിട്ടുണ്ടാകും ആയതിനാൽ കിണറിന് ഇടിച്ചിൽ വരാൻ സാധ്യതയില്ല.
	വീട്ടിലേയ്ക്ക് വണ്ടി കയറുന്ന വിധത്തിലുള്ള വഴി ഉണ്ടാകുമോ	വണ്ടി പോകാനുതകുന്നവിധത്തിൽ റാമ്പിട്ട് വഴി ചെയ്ത് കൊടുക്കും
	ഇരുവശങ്ങളിലും കാന ഉണ്ടാകുമോ	നിലവിലെ പദ്ധതി പ്രകാരം ഒരു വശത്ത് മാത്രമേ കാന നിർമ്മിക്കുവാൻ കഴിയുകയുള്ളൂ. റോഡ് ക്രോസ് ചെയ്ത് പുഴയിലേയ്ക്ക് പോകുന്ന വിധത്തിലാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്
		പാലത്തിൻെറ ഭാഗത്ത് 7.5 മീറ്റർ വീതിയിൽ തുടങ്ങി 5.70 മീറ്റർ വീതിയിലുള്ള നിലവിലെ റോഡിനോട് കൂട്ടിച്ചേർക്കും. പാലത്തിൻെറ

	റോഡിൻെറ അളവ് എങ്ങിനെയാണ് എന്നറിയണം ഏറ്റെടുക്കുന്ന ഭൂമിയിൽ നിലവിലുള്ള മരങ്ങൾ മുറിച്ച് വിൽക്കാമോ ?	ഭാഗത്തുനിന്നും ഏകദേശം നിലവിലുള്ള റോഡിലേയ്ക്ക് ഏകദേശം 60 മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കും കൂടാതെ നിലവിലെ റോഡ് 100 മീറ്ററിൽ ടാറിങ്ങ് ചെയ്യും. ബന്ധപ്പെട്ട ആക്ടിലെ 11(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പരസ്യം ചെയ്യുന്ന തീയതി മുതൽ ഏറ്റെടുക്കുന്ന ഭൂമിയിലെ ചമയങ്ങൾക്കോ ഘടനയ്ക്കോ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.
ജെറിൻ (ഡാൽഫിൻ ജേക്കബിൻെറ മകൻ) 1089	സ്ഥലം എടുക്കുന്നതിൽ മതിൽ ഉൾപ്പെട്ടിട്ടുണ്ട്. പക്ഷെ വെള്ളപൊക്കം വന്ന് മതിൽ പോയ്. നഷ്ടപരിഹാരത്തിന് പരിഗണിക്കുമോ ഇപ്പോൾ വീട്ടിലേയ്ക്ക് വാഹനം വരുന്നതിനുള്ള സൗകര്യമുണ്ട്. നിലവിലുള്ള ആ സൗകര്യം നിലനിറുത്തണം	ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിലെ റവന്യൂ ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തി മഹസ്സർ തയ്യാറാക്കുന്ന സമയത്ത് കാണുന്ന ചമയങ്ങൾ, കെട്ടിടങ്ങൾ വിലനിർണ്ണയത്തിനായി (അവാർഡ് നിർണ്ണയത്തിന് മുൻപായ്) പരിഗണിക്കുന്നതാണ്. താങ്കളുടെ സ്ഥലത്തിൻെറ മൂലയിൽ എത്തുമ്പോൾ റോഡ് നിരപ്പായിരിക്കും. ആയതിനാൽ മറുവശത്തുകൂടെ റാമ്പിട്ട് വഴി ശരിയാക്കിതരും
അലിഫ 1089	പദ്ധതിപ്രദേശത്തിൻെറ ഏറ്റവും അവസാനം സ്ഥിതിചെയ്യുന്ന സ്ഥലമാണ്. അവിടെ എത്രമാത്രം ഉയരം വരും എന്നും എത്രമാത്രം സ്ഥലം പോകുമെന്നും അറിയണം	അവിടെ 1/2 മീറ്റർ ഉയരം ഉണ്ടാകും. 1089 എന്ന സർവ്വേനമ്പറിൽ നിന്നും പദ്ധതിയ്ക്ക് വേണ്ടി ഏകദേശം 0.0003 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

		ഏറ്റെടുക്കലിനുമുൻപേ വീണ്ടും അളന്ന് കൃത്യമായ് ഉടമകളെ അറിയിക്കും
നൗഷാദ് 1080	സെപ്റ്റിക് ടാങ്കും വഴിയും നഷ്ടമാകുന്നുണ്ട് ? ഏത് രീതിയിൽ പരിഹരിക്കും ? നഷ്ടപരിഹാരം കണക്കാക്കുന്നത് എങ്ങിനെ എന്നറിയണം	പുതിയ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകും. നിലവിലുള്ള വഴിയാണെങ്കിൽ പുനസ്ഥാപിച്ച് തരും 2013 ലെ RFCTLARR Act ലെ ഷെഡ്യൂൾ നമ്പർ 2 ലെയും 29.12.2017 തീയതിയിലെ റവന്യൂ(ബി) ഡിപ്പാർട്ട്മെൻറിൻെറ GO(MS) 448/2017/RD നമ്പർ ഉത്തരവിൻെറയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള പാക്കേജിൻെറ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്

3.6 പഠനത്തിൻെറ പരിമിതി

ആഘാതബാധിതമാകുന്ന **8 കുടുംബങ്ങളിൽ ബന്ധപ്പെടുവാൻ ആവശ്യമായ വിലാസം ലഭ്യമല്ലാത്തതിനാൽ 1 കുടുംബത്തെ പഠന സംഘത്തിന്** ബന്ധപ്പെടുവാൻ കഴിഞ്ഞില്ല. പ്രസ്തുത കുടുംബത്തിൻെറ സ്ഥലത്തേയ്ക്കുള്ള വഴിയാണ് ആഘാത ബാധിതമാകുന്നത്.

അദ്ധ്യായം 4

സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം



പ്രദേശത്തെ ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുക, പ്രദേശത്തെ ഗതാഗതം സുഗമമാക്കുക എന്നിവയാണ് നിർദ്ദിഷ്ട കച്ചേരിക്കടവ് പാലം നിർമ്മാണ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. വരന്തരപ്പിള്ളി ഭാഗത്ത് 0.0867 ഹെക്ടർ സ്ഥലത്തും, മുപ്ലിയം ഭാഗത്ത് 0.2845 ഹെക്ടർ സ്ഥലത്തുമായാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രദേശങ്ങൾ തൃശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി വില്ലേജിൽ പെടുന്നു. മുപ്ലിയം ഭാഗത്തു നിന്നും വരന്തരപ്പിള്ളി ഭാഗത്തു നിന്നും ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങൾ യഥാക്രമം വനഭൂമിയും സ്വകാര്യ ഭൂമിയുമാണ്. വരന്തരപ്പിള്ളി പഞ്ചായത്തിലെ വാർഡ് നമ്പർ 12ൽ നിന്നും 17ൽ നിന്നു മുള്ള സ്വകാര്യഭൂമിയും വനഭൂമിയുമുൾപ്പടെ ആകെ 91.71 സെൻറ് സ്ഥലം പദ്ധതിക്കുവേണ്ടി ഏറ്റെടുക്കപ്പെടുന്നു.

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, ഗതാഗതം സുഗമമാക്കുക എന്നതാണ് നിർദ്ദിഷ്ട കച്ചേരിക്കടവ് പാലം, അനുബന്ധ റോഡ്

നിർമ്മാണം പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. പദ്ധതി പ്രദേശം കുടുതലും വനമേഖലയും എസ്റ്റേറ്റുമാണ്. ഇവിടെ കാർഷികവൃത്തി ചെയ്യുന്ന ധാരാളം കർഷകരുണ്ട്. പദ്ധതിയുടെ ആഘാതബാധിതരാകുന്നത് 8 കുടുംബങ്ങളാണ്. പ്രസ്തുത കുടുംബങ്ങൾ കാർഷികവൃത്തിയിലുള്ളവരല്ല. പദ്ധതി മൂലം ആരെയും കുടിയൊഴിപ്പിക്കേണ്ടിയും വരുന്നില്ല.

പാലം നിലവിൽ വരുമ്പോൾ മറ്റ് പട്ടണങ്ങളുമായും എറണാകുളവുമായും പ്രദേശത്തിന് ബന്ധപ്പെടൽ എളുപ്പമാകും എന്നതിനാൽ ഈ പദ്ധതി വിദ്യാർത്ഥികൾ, രോഗികൾ, ഉപഭോക്താക്കൾ, വ്യാപാരികൾ എന്നിവർക്ക് ഗുണകരമാകും. മേൽപറഞ്ഞതു കൂടാതെ പ്രദേശത്ത് സ്ഥലത്തിൻെറ മൂല്യം വർദ്ധിക്കുകയും സാമ്പത്തിക വികസനത്തിനും വഴി തെളിക്കുകയും ചെയ്യും എന്നതിനാൽ പ്രദേശത്തെ ഭൂഉടമകൾക്ക് പദ്ധതി ഗുണകരമാകും എന്ന് പ്രതീക്ഷിക്കുന്നു.

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

വരന്തരപ്പിള്ളി വില്ലേജിലെ വരന്തരപ്പിള്ളി ഭാഗത്തെ 0.0867 ഹെക്ടർ സ്വകാര്യ ഭൂമിയിലും മുപ്ലീയം ഭാഗത്തെ 0.2845 ഹെക്ടർ വനഭൂമിയിലുമായിട്ടാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തൃശൂർ ജില്ലാ കളക്ടറുടെ 2019 ജൂൺ 6-ാം തീയതിയിലെ വിജ്ഞാപനം പ്രകാരംവരന്തരപ്പിള്ളി വില്ലേജിലെ 1079/12, 1080/11, 1080/10, 1089/1, 1089/4, 1090/1, 1090/1 എന്നി സർവ്വേ നമ്പറുകളിലെ സ്വകാര്യ ഭൂമിയാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കേണ്ടത്. പ്രസ്തുത പ്രദേശം തൃശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപിള്ളി പഞ്ചായത്തിലെ 12, 17 വാർഡുകളിൽ പെടുന്നു.

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പദ്ധതി പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം

ഇല്ല

4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

അർത്ഥനാധികാരിയിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് പദ്ധതിക്കുവേണ്ടി വനഭൂമി വനംവകുപ്പിൽനിന്നും വിലകൊടുത്ത് വാങ്ങിയിട്ടുണ്ട്.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണങ്ങളും പ്രദേശവും

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ വരന്തരപ്പിള്ളി വില്ലേജിലാണ് പദ്ധതി പ്രദേശം. ഇവിടം കുന്നുകളും എസ്റ്റേറ്റുമാണ്. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളെല്ലാം പുരയിടങ്ങളാണ്

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

പദ്ധതി ബാധിതമാകുന്ന **8 കുടുംബങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്ഥലം പുരയിടങ്ങളാണ്. ചിത്രം 4.7.1.ൽ കാണിച്ചിരിക്കുന്നതുപോലെ 6 കുടുംബങ്ങളും പ്രസ്തുത സ്ഥലം താമസത്തിന് ഉപയോഗിക്കുന്നു. 2 കുടുംബങ്ങളുടെ സ്ഥലം തുറസ്സായ സ്ഥലമാണ്. 1089, 1090 എന്നീ സർവ്വേ നമ്പറുകളിൽ പെട്ട സ്ഥലത്തെ രണ്ട് സ്വകാര്യ വഴികളാണ് പദ്ധതി ബാധിതമാകുന്നത്**

ചിത്രം 4.7.1. ഭൂമിയുടെ ഉപയോഗം



4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

91.71 സെൻറ് സ്ഥലമാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കപ്പെടുന്നത്. വരന്തരപ്പിള്ളി ഭാഗത്തു നിന്നും വാസസ്ഥലങ്ങളും മുപ്ലിയം ഭാഗത്തു നിന്നും വനഭൂമിയുമാണ് ഏറ്റെടുക്കുന്നത്.

പദ്ധതി ബാധിതരായ 8 കുടുംബങ്ങളിൽ 6 കുടുംബങ്ങളാണ് അവിടെ താമസിക്കുന്നത്. 2 കുടുംബങ്ങൾ അവിടെ താമസിക്കുന്നില്ല

പദ്ധതി ബാധിത സ്ഥലം; 1 കുടുംബം പരമ്പരാഗതമായി ആർജ്ജിച്ചതും 6 കുടുംബങ്ങൾ വില കൊടുത്തു വാങ്ങിയതുമാണ്. കുടുംബങ്ങൾക്ക് പ്രസ്തുത സ്ഥലം കൈവശമായതിൻെറ കാലാവധി 4 വർഷത്തിനും 25 വർഷത്തിനുമിടയിലാണ്. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ 6 കുടുംബങ്ങളുടെ സ്ഥലം താമസത്തിന് ഉപയോഗിക്കുന്നു. **2 കുടുംബങ്ങളുടേത് തുറസ്സായ** സ്ഥലമാണ്.

പട്ടിക 4.8.1 കൈവശഭൂമിയുടെ അളവ്

ക്രമ നമ്പർ	**ഉടമയുടെ പേര്**	**കൈവശമുള്ള ആകെ സ്ഥലം**
1	സുരേഷ്.കെ. ആർ കിഴക്കേതയ്യിൽ വേലുപാടം	11 സെൻറ്
2	ലീല രാമകൃഷ്ണൻ കിഴക്കേതയ്യിൽ വേലുപാടം	9 സെൻറ്
3	വത്സ W/o.ജോയ് ചീനിക്ക,വേലൂപാടം	14.5 സെൻറ്
4	അനീഫ കെ.എ വലിയകത്ത്,വേലൂപാടം	4 സെൻറ്
5	ഡാൽഫിൻ ജേക്കബ് കോഴിക്കുന്നേൽ വേലൂപാടം	10.5 സെൻറ്
6	നൗഷാദ് പൊട്ടങ്ങൻ വീട് വേലൂപാടം	7.5 സെൻറ്
7	അബൂബക്കർ ചോലക്കൻ വീട് വേലൂപാടം	8 സെൻറ്
8	നൂഹ്.കെ.ബി കടുങ്ങാട്ട് പറമ്പിൽ വേലൂപാടം	വിവരം ലഭ്യമല്ല

9	സിനി ഷാജി അമ്പലത്ത് വീട്ടിൽ വേലൂപാടം	**36 സെൻറ്**

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

സ്ഥലത്തെ ഭൂമിയുടെ വിപണി വില സെൻറിന് 1,50,000 രൂപയ്ക്കും 2,00,000 രൂപയ്ക്കും ഇടയിലാണെന്ന് വിവരദാതാക്കൾ അഭിപ്രായപ്പെട്ടു. ഒരു ഭൂവുടമയുടെ മരണം മൂലം ഉടമസ്ഥാവകാശത്തിലുണ്ടായ മാറ്റമല്ലാതെ മറ്റ് യാതൊരു വ്യവഹാരങ്ങളോ കൈമാറ്റങ്ങളോ 3 വർഷകാലയളവിൽ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ ഉണ്ടായിട്ടില്ല. പ്രദേശത്തെ കാർഷികപ്രവർത്തനത്തിലോ ഭൂമിയുടെ ഉപയോഗത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടില്ല.

അദ്ധ്യായം – 5
ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

5.1. കുടുംബങ്ങളുടെ എണ്ണം

പദ്ധതിബാധിതരായ 8 കുടുംബങ്ങളിൽ 6 കുടുംബങ്ങൾ പ്രസ്തുത സ്ഥലം താമസത്തിനായും 2 കുടുംബങ്ങൾ തുറസ്സായ സ്ഥലമായും ഉപയോഗിക്കുന്നു. ഇവരിൽ 1 കുടുംബത്തെ സർവ്വേയിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞില്ല.

5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

ആഘാത ബാധിത കുടുംബങ്ങളുടെ ലിസ്റ്റ്, വിലാസം, സർവ്വേ നമ്പർ എന്നിവ താഴെ പട്ടികയിൽ വിവരിക്കുന്നു

പട്ടിക 5.1.1. *പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ*

കുടുംബങ്ങളുടെ എണ്ണം	ഉടമയുടെ പേര്	റിസർവ്വേ/ നമ്പർ
1	സുരേഷ്.കെ.ആർ കിഴക്കേതയ്യിൽ വേലുപാടം	**1090/1**
	ലീല രാമകൃഷ്ണൻ കിഴക്കേതയ്യിൽ വേലുപാടം	1090
2	വത്സ, W/o.ജോയ് ചീനിക്ക,വേലൂപാടം	1080
3	അനീഫ,വലിയകത്ത,വേലൂപാടം	1089
4	ഡാൽഫിൻ ജേക്കബ് കോഴിക്കുന്നേൽ, വേലൂപാടം	1089
5	നൗഷാദ്,പൊട്ടങ്ങൻ വീട് വേലൂപാടം	1080
6	അബൂബക്കർ,ചോലക്കൻ വീട് വേലൂപാടം	1080
7	നൂഹ്.കെ.ബി, കടുങ്ങാട്ട് പറമ്പിൽ വേലൂപാടം	1079
8	സിനി ഷാജി,അമ്പലത്ത് വീട്ടിൽ വേലൂപാടം	**1089/1**

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

നിർദ്ദിഷ്ട കച്ചേരിക്കടവ് പാലം, അനുബന്ധ റോഡ് നിർമ്മാണത്തിനുവേണ്ടി തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ നിന്നും കാർഷിക ഭൂമിയും മറ്റ് വിധത്തിലുള്ള ഭൂമിയും ഏറ്റെടുക്കപ്പെടുന്നുണ്ട്. പട്ടികവർഗ്ഗത്തിൽ പെട്ടവരെയോ പ്രത്യേക വനാവകാശമുള്ള ഏതെങ്കിലും സമൂഹത്തെയോ പദ്ധതി ബാധകമാകുന്നില്ല.

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

കച്ചേരിക്കടവ് പാലം, അനുബന്ധ റോഡ് നിർമ്മാണത്തിനുവേണ്ടി പൊതുജനങ്ങൾ ഉപയോഗിക്കുന്ന പൊതുസ്വത്തുക്കൾ ഒന്നും ആഘാത ബാധിതമാകുന്നില്ല. 1089, 1090 എന്നീ സർവ്വേ നമ്പരുകളിൽ ബാധിതമാകുന്ന വഴികൾ സ്വകാര്യ വഴികളാണ്.

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതി ബാധിത പ്രദേശത്ത് താമസിക്കുന്നില്ല.

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

ബാധകമല്ല

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

ഏറ്റെടുക്കപ്പെടുന്ന ഭൂമി കൃഷിഭൂമിയാണെങ്കിലും പ്രസ്തുത കുടുംബങ്ങളിൽ ആരും തന്നെ കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരല്ല. പദ്ധതി നിർമ്മാണ വേളയിൽ ഒരു കുടുംബത്തിൻെറ ഉപജീവന മാർഗ്ഗമായ പലഹാര യൂണിറ്റിൻെറ പ്രവർത്തനത്തെ വിപരീതമായി ബാധിക്കുവാൻ സാധ്യതയുണ്ട്.

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

പദ്ധതിയ്ക്ക് പരോക്ഷ ആഘാത ബാധിതരില്ല

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതി പ്രദേശം കൂടുതലും വനമേഖലയും എസ്റ്റേറ്റുമാണ്. ഇവിടെ കാർഷിക വൃത്തി ചെയ്യുന്ന ധാരാളം കർഷകരുണ്ട്. പദ്ധതി പ്രദേശത്ത് ഫലവൃക്ഷങ്ങൾ ഉൾപ്പടെ ധാരാളം വൃക്ഷങ്ങളുണ്ട്. അവയിൽ പലതും നഷ്ടമാകുന്നു. കൂടാതെ ചുറ്റുമതിൽ, കിണർ, സെപ്റ്റിക് ടാങ്ക്, വൈദ്യുതി പോസ്റ്റ് എന്നിവയും പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഒരു കുടുംബത്തിൻെറ പലഹാര നിർമ്മാണ യൂണിറ്റിൻെറ പ്രവർത്തനവും ആഘാതബാധിതമാകും.

പദ്ധതി മൂലം വെട്ടിമാറ്റേണ്ടി വരുന്ന വൃക്ഷങ്ങളും മാറ്റേണ്ടിവരുന്ന അവശ്യവസ്തുക്കളും താഴെ പറയുന്നു.

പട്ടിക 5.6.2. പദ്ധതിബാധിതമാകുന്ന ഫലദായകവും അല്ലാത്തതുമായ വസ്തുക്കൾ

പേര്	ഏകദേശ എണ്ണം
തെങ്ങ്	8
തേക്ക്	1
മാവ്	3
പ്ലാവ്	4
ദേവദാരു	1
കവുങ്ങ്	5
കണിക്കൊന്ന	1
ലൂവിക്ക	1
ചാമ്പ	1
കിണർ	1
ചുറ്റുമതിൽ	1
വൈദ്യുതിപോസ്റ്റ്	1

അദ്ധ്യായം 6

സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

(പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ; ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

2001 ലെ സെൻസ്സസ് പ്രകാരം വരന്തരപ്പിള്ളി വില്ലേജിൽ 37771 ജനങ്ങൾ ഉണ്ട്. അവരിൽ 18371 പുരുഷന്മാരും 19400 സ്ത്രീകളുമാണ്. പദ്ധതി ബാധിതരാകുന്ന സർവ്വെ ചെയ്ത 7 കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങളും സാമൂഹ്യ സാമ്പത്തിക പശ്ചാത്തലവും തുടർന്നുള്ള ഭാഗങ്ങളിൽ വിലയിരുത്തുന്നു.

പദ്ധതി ബാധിത കുടുംബങ്ങളുടെ മതം

സർവ്വെ ചെയ്ത 7 പദ്ധതിബാധിത കുടുംബങ്ങളിൽ **1 (14%)** കുടുംബം ഹൈന്ദവ മതത്തിലും **4 (57%)** കുടുംബങ്ങൾ ഇസ്ലാം മതത്തിലും 2 (29%) കുടുംബങ്ങൾ ക്രിസ്തു മതത്തിലും ഉള്ളവരാണെന്ന് ചിത്രം 6.1.1 സൂചിപ്പിക്കുന്നു.

ചിത്രം 6.1.1 പദ്ധതി ബാധിത കുടുംബങ്ങളുടെ മതം



പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യസ്ഥിതി

5 കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിലും 2 കുടുംബങ്ങൾ പൊതു വിഭാഗ ത്തിലും പെടുന്നുവെന്ന് പട്ടിക 6.1.1 സൂചിപ്പിക്കുന്നു.

പട്ടിക 6.1.1 സാമൂഹ്യ വിഭാഗം

സാമൂഹ്യ വിഭാഗം	**കുടുംബങ്ങളുടെ എണ്ണം**
മറ്റ് പിന്നോക്ക വിഭാഗം	5
പൊതു വിഭാഗം	2
ആകെ	**7**

പദ്ധതി ബാധിതരുടെ ലിംഗഭേദം

പദ്ധതി ബാധിത കുടുംബങ്ങളിൽ **18 (55%) പേർ പുരുഷന്മാരും 15 (45%) പേർ സ്ത്രീകളുമാണെന്ന് ചിത്രം 6.1.2. വിവരിക്കുന്നു**

ചിത്രം 6.1.2. ലിംഗഭേദം



പദ്ധതി ബാധിതരുടെ വൈവാഹികാവസ്ഥ

പ്രായപൂർത്തിയായ പദ്ധതി ബാധിതരിൽ 15 പേർ വിവാഹിതരും 3 പേർ വിധവകളും 2 പേർ അവിവാഹിതരുമാണെന്ന് പട്ടിക 6.1.2 വിശദീകരിക്കുന്നു

പട്ടിക 6.1.2 വൈവാഹികാവസ്ഥ

വൈവാഹികാവസ്ഥ	**അംഗങ്ങളുടെ എണ്ണം**
വിവാഹിതർ	15
അവിവാഹിതർ	2
വിധവ	3
ആകെ	**20**

പദ്ധതി ബാധിതരുടെ വിദ്യാഭ്യാസ സ്ഥിതി

പദ്ധതി ബാധിതരുടെ വിദ്യാഭ്യാസ സ്ഥിതി വിശകലനം ചെയ്യുമ്പോൾ പദ്ധതിബാധിതരിൽ 2 വ്യക്തികൾ നിരക്ഷരരാണ്. വിദ്യാഭ്യാസം പൂർത്തീകരിച്ച 18 പേരിൽ 3 പേർ പ്രാഥമികവിദ്യാഭ്യാസം നേടിയവരും 1 വ്യക്തി അപ്പർ പ്രൈമറി തലം വരെ പഠിച്ചയാളും 3 പേർ ഹൈസ്ക്കൂൾ തലം വരെ പഠിച്ചവരുമാണ്. പ്ലസ് ടു തലം വരെ പഠിച്ച 3 വ്യക്തികളും ബിരുദദാരികളായ 4 പേരും ബിരുദാനന്തരബിരുദം

നേടിയ 1 വ്യക്തിയും പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ 3 പേരും പദ്ധതിബാധിതരിൽ ഉണ്ട്. പദ്ധതിബാധിത ജനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളിൽ 2 പേർ 1–4 ക്ലാസുകളിലും, 2 പേർ ഹൈസ്ക്കൂളിലും, മറ്റ് 2 പേർ പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്നു

പട്ടിക 6.1.3 *വിദ്യാഭ്യാസ സ്ഥിതി*

വിദ്യാഭ്യാസം	അംഗങ്ങളുടെ എണ്ണം	
	പൂർത്തിയാക്കിയവർ	തുടരുന്നവർ
നിരക്ഷരർ	2	
പ്രാഥമിക വിദ്യാഭ്യാസം	3	2
അപ്പർ പ്രൈമറി	1	
ഹൈസ്ക്കൂൾ	3	2
പ്ലസ് ടു	3	
ബിരുദം	4	
ബിരുദാനന്തരബിരുദം	1	
പ്രൊഫഷണൽ വിദ്യാഭ്യാസം	3	2
ആകെ	20	6

പദ്ധതി ബാധിതരുടെ പ്രായം

പട്ടിക 6.1.4 ൽ സൂചിപ്പിക്കുന്നതനുസരിച്ച് പദ്ധതിബാധിതരിൽ 11 പേർ 18 വയസ്സിൽ താഴെയുള്ള കുട്ടികളും 4 പേർ 19 നും 30 നും ഇടയിൽ പ്രായമുള്ളവരും 9 പേർ 31നും 45 നും ഇടയിൽ പ്രായമുള്ളവരും 3 പേർ 46 നും 59 നും ഇടയിൽ പ്രായമുള്ളവരുമാണ്. 60 ഉം അതിൽ കൂടുതലും പ്രായമുള്ള 6 വ്യക്തികൾ പദ്ധതി ബാധിത കുടുംബങ്ങളിലുണ്ട്.

പട്ടിക 6.1.4 *പദ്ധതി ബാധിതരുടെ പ്രായം*

പ്രായം	പുരുഷൻ	സ്ത്രീ	ആകെ
0_18	7	4	11
19-30	3	1	4
31-45	4	5	9

46-59	2	1	3
60-ഉം അതിനു മുകളിലും	2	4	6
ആകെ	18	15	33

6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതിബാധിത കുടുംബങ്ങളിൽ 1 കുടുംബത്തിന് 10001 നും 15000 നുമിടയിലും, 3 കുടുംബങ്ങൾക്ക് 15001 നും 20000 നുമിടയിലും, 1 കുടുംബത്തിന് 20001 നും 25000 നുമിടയിലും, വേറെ 1 കുടുംബത്തിന് 25001 നും 30000 നുമിടയിലും, 1 കുടുംബത്തിന് 1 ലക്ഷം രൂപയും മാസവരുമാനമുണ്ട്.

പട്ടിക 6.2.1. കുടുംബങ്ങളുടെ മാസവരുമാനം

മാസവരുമാനം	കുടുംബങ്ങളുടെ എണ്ണം
10001-15000	1
15001-20000	3
20001-25000	1
25001-30000	1
100000	1

പദ്ധതി ബാധിതകുടുംബങ്ങളുടെ ഒരു മാസത്തെ ചെലവ്

2 കുടുംബങ്ങൾ 15001 നും 20000 നുമിടയിലും, 2 കുടുംബങ്ങൾ 10001 നും 15000 നുമിടയിലും ആണ് ഒരു മാസം ചെലവഴിക്കുന്നത്. ഏറ്റവും കുറവ് തുകയായ 5001 നും 10000 നുമിടയിൽ ചെലവഴിക്കുന്ന 3 കുടുംബങ്ങളുണ്ട്.

ചിത്രം 6.2.2 കുടുംബങ്ങളുടെ ഒരു മാസത്തെ ചെലവ്.



വരുമാന ദാതാക്കളുടെയും ആശ്രിതരുടെയും എണ്ണം

2 പേർ വരുമാനദാതാക്കളായ 2 കുടുംബങ്ങളുണ്ട്. മറ്റു കുടുംബങ്ങളിൽ ഒരു വരുമാനദാതാവേ ഉള്ളൂ. 3 കുടുംബങ്ങളിൽ ആശ്രിതരുടെ എണ്ണം 4 ഉം 2 കുടുംബങ്ങളിൽ 5 ഉം 1 കുടുംബത്തിൽ 2 ഉം മറ്റൊരു കുടുംബത്തിൽ 1 ഉം ആണ്.

റേഷൻ കാർഡിൻെറ നിറം

പഠനവിധേയമാക്കിയ 7 കുടുംബങ്ങളിൽ 6 കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായമനുസരിച്ച് നീല നിറത്തിലുള്ള റേഷൻ കാർഡും 1 കുടുംബത്തിന് വെള്ള റേഷൻ കാർഡുമാണ് ലഭ്യമായിട്ടുള്ളത്.

6.3. ദുർബലജനവിഭാഗം

18 വയസ്സിൽ താഴെ പ്രായമുള്ള 11 കുട്ടികളും 6 വയോധികരും 3 വിധവകളും സ്ഥായിയായ രോഗമുള്ള 3 പേരും ദുർബല ജനവിഭാഗത്തിൽ പെടുന്നു.

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഭൂരിഭാഗവും (6 എണ്ണം) താമസത്തിനുപയോഗിക്കുന്നതും **2** എണ്ണം തുറസ്സായ സ്ഥലവുമാണ്. 1 കുടുംബത്തിൻെറ പലഹാര നിർമ്മാണ യൂണിറ്റിൻെറ പ്രവർത്തനം പദ്ധതി നിർമ്മാണഘട്ടത്തിൽ വിപരീതമായി ബാധിച്ചേക്കാം.

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത കുടുംബങ്ങളുടെ പ്രധാന തൊഴിൽ മേഖലകൾ ഡ്രൈവർ, ഇൻഷുറൻസ് ഏജൻറ്, ഭക്ഷണനിർമ്മാണം, തയ്യൽ എന്നിവയാണ്. 1 കുടുംബം ചെരുപ്പ് കട നടത്തുന്നു. ഒരു കുടുംബം പെൻഷനെ ആശ്രയിച്ച് ജീവിക്കുന്നു. 2 പദ്ധതി ബാധിത കുടുംബങ്ങളിലെ ഓരോ വ്യക്തികൾ സെയിൽസ് മാനേജർമാരായും, ഒരു കുടുംബത്തിലെ 1 വ്യക്തി വിദേശത്തും മറ്റൊരു കുടുംബത്തിലെ 1 വ്യക്തി ദിവസകൂലിയിലും ജോലി ചെയ്യുന്നു

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രദേശത്ത് ധാരാളം എസ്റ്റേറ്റുകളുണ്ട്. ഇവിടെ ജോലി ചെയ്യുന്നതിനുവേണ്ടി മലപ്പുറം ജില്ലയിൽനിന്നും വന്ന ആളുകൾ പ്രദേശത്ത് താമസിക്കുന്നുണ്ട്. പ്രദേശത്തെ ഭൂരിഭാഗം പേരും തോട്ടങ്ങളിൽ ജോലി ചെയ്യുന്നവരാണ്. കൂടാതെ മറ്റ് മേഖലകളിൽ ജോലി ചെയ്യുന്നവരുമുണ്ട്.

6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശം കുന്നുകളും പുഴയും കാടും ഉള്ള സമ്മിശ്ര പ്രദേശമാണ്. ഈ പ്രദേശത്തിൻെറ വികസനത്തിനു വേണ്ടി ഒരുമിച്ച് പ്രവർത്തിക്കുന്ന ജനങ്ങളാണ് ഇവിടെയുള്ളത്. കലാ സാഹിത്യ കായിക രംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ക്ലബ്ബുകളും അസോസിയേഷനുകളും ഇവിടെയുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രവും, എൽ.പി, യു.പി.സ്കൂളും പ്രദേശത്തുണ്ട്. ഇവയൊന്നും പദ്ധതി ബാധിതമാകുന്നില്ല. ആഘാത ബാധിതമാകുന്ന 7 കുടുംബങ്ങളും അണുകുടുംബങ്ങളാണ്.

6.8 ഭരണ സംഘടനകൾ

ഭരണ സ്ഥാപനങ്ങളൊന്നും പദ്ധതി ബാധിതമാകുന്നില്ല.

6.9. രാഷ്ട്രീയ സംഘടനകൾ

പദ്ധതി പ്രദേശത്ത് രാഷ്ട്രീയ കക്ഷികളുടെ സ്ഥാപനങ്ങളില്ല

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗര സംഘടനകളൊന്നും പദ്ധതി ബാധിതമാകുന്നില്ല.

6.11 പ്രാദേശീക ചരിത്രപരവുമായ പരിണാമപ്രക്രിയ

പദ്ധതി ബാധിത പ്രദേശം കുന്നും, മലയും എസ്റ്റേറ്റും ഉള്ള പ്രദേശമാണ്. ഇവിടം പണ്ട് മുതലേ ജനവാസമുള്ള പ്രദേശമാണ്. എസ്റ്റേറ്റുകളിൽ ജോലി ചെയ്യുവാൻ മലപ്പുറം ജില്ലയിൽ നിന്നും കുടിയേറിയ ആളുകൾ ഇവിടെയുണ്ട്. ഭൂരിഭാഗം ജനങ്ങളും മുസ്ലിം മതവിഭാഗത്തിൽ ഉള്ളവരാണ്.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവരാണ്. പ്രദേശവാസികൾക്ക് ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൗര സംഘടനകൾ എന്നീ സൗകര്യങ്ങൾ പ്രാപ്യവുമാണ്. തൃശ്ശൂർ റെയിൽവേ സ്റ്റേഷനിലേയ്ക്ക് ഇവിടെ നിന്നു 22 .കി.മീ ദൂരവും കൊച്ചിയിലേയ്ക്ക് 65 കി.മീ ദൂരവുമുണ്ട്

അദ്ധ്യായം 7

സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം 4 ഘട്ടങ്ങളിലായ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തി. ആദ്യഘട്ടത്തിൽ പദ്ധതിപ്രദേശം സന്ദർശിച്ച് ഒരു പ്രാഥമിക പഠനം നടത്തി പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും നേട്ടങ്ങളും വിലയിരുത്തി. പിന്നീട് മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ നടത്തി അവരുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം, ഭൂമി ഏറ്റെടുക്കുമ്പോൾ ഓരോ കുടുംബത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചു.. സ്ഥലത്തെ പ്രധാന വ്യക്തികളുമായും തൽപരകക്ഷികളുമായും അഭിമുഖം നടത്തി പദ്ധതിയുടെ പൊതുവായ ആഘാതങ്ങളും നേട്ടങ്ങളും മനസ്സിലാക്കി. പ്രസ്തുത സർവേയിലൂടെയും അഭിമുഖത്തിലൂടെയും ലഭ്യമായ വിവരങ്ങൾ ശാസ്ത്രീയമായ് വിലയിരുത്തി തയ്യാറാക്കിയ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ 17.09.2019 തീയതിയിൽ വരന്തരപിള്ളി ഭദ്രകാളി രുദ്രാദേവി ക്ഷേത്രം ഹാളിൽ സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും ആഘാതബാധിത കുടുംബങ്ങൾക്കും തൽപരകക്ഷികൾക്കും റിപ്പോർട്ടിലേയ്ക്ക് അവശ്യം വേണ്ട തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നിർദ്ദേശിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തു. കൂടാതെ പദ്ധതിബാധിത കുടുംബങ്ങൾ പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചുമുള്ള ആശങ്കകൾ പബ്ലിക് ഹിയറിങ്ങിൽ പങ്ക് വെയ്ക്കുകയും ആയതിന് ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനും അർത്ഥനാധികാരിയും മറുപടി നൽകുകയും ചെയ്തു.

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

പ്രത്യാഘാതങ്ങൾ ഏറ്റവും കുറവ് ഉണ്ടാകുന്ന വിധത്തിലാണ് കച്ചേരികടവ് പാലം, അനുബന്ധറോഡ് നിർമ്മാണ പദ്ധതി അർത്ഥനാധികാരിയായ കേരള പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും) വിഭാഗം, തൃശൂർ ആസൂത്രണം

ചെയ്തിരിക്കുന്നത്. സ്ഥലത്തെ ഏതാനും ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള വൃക്ഷങ്ങൾ വെട്ടിമാറ്റുക, വൈദ്യുതി തൂൺ, സെപ്റ്റിക് ടാങ്ക്, കിണർ, ചുറ്റുമതിൽ മുതലായ അവശ്യവസ്തുക്കൾ മാറ്റുക എന്നതൊഴിച്ചാൽ കുടുംബങ്ങൾ കുടിയൊഴിയേണ്ടി വരുന്നതുപോലെയുള്ള വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകാത്ത വിധത്തിലാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ജനവാസ സ്ഥലങ്ങൾക്കും കാർഷിക പ്രവർത്തനങ്ങളെയും വളരെ കുറവേ ബാധിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തിയിട്ടുമുണ്ട്. എന്നിരുന്നാലും പദ്ധതിബാധിതമാകുന്ന 8 കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിന് താഴ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതർക്ക് നൽകുക

- ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 19.09.2015 തീയതിയിൽ G.O(P)No. 470/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരം പദ്ധതി ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് പുനഃരധിവാസ-പുനഃസ്ഥാപന നടപടികൾ കൈക്കൊള്ളുക.
- പദ്ധതി ബാധിതമാകുന്ന സെപ്റ്റിക് ടാങ്ക്, കിണർ, വഴികൾ എന്നിവ പുന:സ്ഥാപിക്കുക.

- വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരം വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

- പദ്ധതി നിർമ്മാണ വേളയിൽ ആഘാത ബാധിതമായേക്കാവുന്ന ഉപജീവനമാർഗ്ഗത്തിന് മതിയായ നഷ്ടപരിഹാരം സമയാധിഷ്ടിതമായി നൽകുക

- പദ്ധതി നിർമ്മാണ വേളയിൽ ജനങ്ങളുടെ സുരക്ഷിതത്വവും ശരിയായ രീതിയിലുള്ള മാലിന്യ നിർമ്മാജനവും ഉറപ്പ് വരുത്തുക

- ചാനലുകൾ നിർമ്മിച്ച് മഴവെള്ളം ഒഴുകിപോകുന്നതിനു വേണ്ട നടപടികൾ കൈക്കൊണ്ട് പ്രദേശത്ത് വെള്ളക്കെട്ട് ഉണ്ടാകാതിരിക്കുവാനുള്ള മുൻകരുതൽ പദ്ധതി നിർവ്വഹണത്തോടൊപ്പം കൈക്കൊള്ളുക.

- കഴിഞ്ഞ പ്രളയകാലത്ത് പുഴയിൽ അടിഞ്ഞു കൂടിയ വൃക്ഷങ്ങളും മറ്റു വസ്തുക്കളും അടിയന്തിരമായി നീക്കംചെയ്യുക എന്ന പ്രദേശവാസികളുടെ ആവശ്യം ബന്ധപ്പെട്ട അധികാരികൾ പരിഗണിക്കുക.

- പദ്ധതി നിലവിൽ വരുമ്പോൾ വലിയ വണ്ടികൾ ഉൾപ്പടെ പ്രദേശത്തുകൂടെ കടന്നുപോയേക്കാം എന്നതിനാൽ ഗതാഗതകുരുക്ക് ഉണ്ടാകാതിരിക്കുന്നതിന് പദ്ധതി പ്രദേശത്തെ പഞ്ചായത്ത് റോഡ് വികസിപ്പിക്കണം എന്ന പരിസരവാസികളുടെ ആവശ്യം ബന്ധപ്പെട്ട അധികാരികൾ അടിയന്തിരമായ് പരിഗണിക്കുക

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 19.09.2015 തീയതിയിൽ G.O(P)No.470/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുകൊണ്ട് പദ്ധതിബാധിത കുടുംബങ്ങൾക്ക് പുനസ്ഥാപനം നൽകേണ്ടതാണ്.

7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

ആഘാത ബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മതിയായ തുക വകയിരുത്തിയിട്ടുണ്ട് എന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുണ്ട്

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

ബാധകമല്ല

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുക.

പട്ടിക 7.6.1 : സാമൂഹ്യപ്രത്യാഘാത ദുരീകരിക്കുന്നതിനുള്ള സമീപനം

പട്ടിക 7.6.1 സാമൂഹ്യപ്രത്യാഘാതനിയന്ത്രണ ആസൂത്രണം

ക്രമ നമ്പർ	*പ്രത്യാഘാതം*	*പ്രത്യാഘാതനിയന്ത്രണം*	*സമയക്രമം*
1	സ്ഥലം നഷ്ടമാകൽ	നഷ്ടപരിഹാരം (*RFCTLARR നിയമം 2013* ഒന്നാം പട്ടിക പ്രകാരം)	കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും
2	വസ്തുവിനോട് ചേർന്നുള്ള	നഷ്ടപരിഹാരം (*RFCTLARR നിയമം*	

	ആസ്തികളുടെ നഷ്ടം	*2013* ഒന്നാം പട്ടികയും 29/12/2017 തീയതിയിലെ കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള G.O(Ms) No.448/2017/RD പോളിസിയും പ്രകാരം)	പുനഃരധി വാസത്തിനും പുനഃ സ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം
3	പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടായേക്കാവുന്ന ഉപജീവനമാർഗത്തിന്റെ നഷ്ടം	പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉപജീവന ഗ്രാൻറ് നൽകൽ	
4	പരിസ്ഥിതി ആഘാത നിയന്ത്രണം	നഷ്ടമാകുന്ന വൃക്ഷങ്ങൾക്ക് പകരം വൃക്ഷതൈകൾ വിതരണം ചെയ്യുകയും നട്ടുപിടിപ്പിക്കുകയും ചെയ്യുക	
5	സുരക്ഷിതവും നിർവിഘ്നവുമായ ഗതാഗതം	നിർമ്മാണവേളയിൽ സുരക്ഷിതവും നിർവിഘ്നവുമായ ഗതാഗതത്തിനും ശരിയായ മാലിന്യ നിർമ്മാർജന ത്തിനുമുള്ള ആസൂത്രണം	
		പദ്ധതിബാധിത പ്രദേശത്തോട് ചേർന്നുള്ള പഞ്ചായത്ത് റോഡിന്റെ വികസനം അടിയന്തിരമായ് നടപ്പിലാക്കുക	

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

ബാധകമല്ല

അദ്ധ്യായം 8
സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൽ നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ കച്ചേരിക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണ പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഉചിതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും നൽകുന്നത് വഴി കച്ചേരിക്കടവ് പാലം അനുബന്ധറോഡ് നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ പ്രത്യാഘാതം ലഘൂകരിക്കുവാൻ സാധിക്കുന്നതാണ്.

23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് 485/2015/RDപ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നയത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്

ഥാപനം എന്നിവയ്ക്കു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന അധികാരികൾ ഉൾപ്പെടുന്നതാണ്.

* ജില്ലാ കളക്ടർ

* പുനരധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ

* ഭൂമി ഏറ്റെടുക്കൽ ഓഫീസർ

* സാമ്പത്തിക ഉദ്യോഗസ്ഥൻ

* സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ

* പുനരധിവാസ നടപടികൾ നിരീക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ (പദ്ധതിയ്ക്ക് വേണ്ടി ആരെയും കുടിയൊഴിപ്പിക്കേണ്ടതില്ലാത്തതിനാൽ പദ്ധതിയ്ക്ക് പുനരധിവാസം ആവശ്യമായി വരുന്നില്ല.)

8.2. ഗവൺമെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

അദ്ധ്യായം 9

സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

കച്ചേരിക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണ പദ്ധതിയ്ക്കുവേണ്ടി 495.82 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 13 ലക്ഷം രൂപയ്ക്കുള്ള സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പ് (പാലം) വിഭാഗത്തിന് ലഭ്യമായിട്ടുണ്ട്. 04-08-2018 തീയതിയിലെ സർക്കാർ ഉത്തരവ് G.O (MS)No.1214/2018/ PWD പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 30% എസ്റ്റാബ്ലിഷ്മെൻറ് ചാർജ് ഒഴിവാക്കി 67,05,552 രൂപയ്ക്കുള്ള അനുമതിയും സർക്കാർ ഉത്തരവ് G.O(Ms)No.1213/2018/PWD പ്രകാരം 0.0867 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള സർക്കാർ അനുമതിയും ലഭ്യമായിട്ടുണ്ട്.

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

അദ്ധ്യായം 10
സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

നിർദ്ദിഷ്ട പദ്ധതി 2 സ്വകാര്യ വഴികൾ ഉൾപ്പെടുന്ന 8 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയെയാണ് ബാധിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ മേൽനോട്ടത്തിനും മൂല്യനിർണ്ണയത്തിനുമുള്ള പ്രധാന സൂചികകൾ താഴെ വിവരിക്കുന്നു.

*ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന നഷ്ടപരിഹാരവും പുന:രധിവാസ പുന:സ്ഥാപന നടപടികളും.

***പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരത്തിൻെറ സമയാധിഷ്ടിതമായ വിതരണം.**

* **സമയാധിഷ്ടിതമായ പദ്ധതി പൂർത്തീകരണം**
* **പ്രദേശത്ത് വെള്ളക്കെട്ട് ഉണ്ടാകാത്ത വിധത്തിലുള്ള റോഡ് നിർമ്മാണം**
* പദ്ധതി നിർമ്മാണ വേളയിൽ ആഘാത ബാധിതമായേക്കാവുന്ന ഉപജീവനമാർഗ്ഗത്തിന് സമയാധിഷ്ടിതമായ നഷ്ടപരിഹാരം

* ആഘാത ബാധിതമാകുന്ന കുടിവെള്ള കിണറുകൾ, സെപ്റ്റിക് ടാങ്ക്, വൈദ്യുതി പോസ്റ്റ് എന്നിവയുടെ പുനഃസ്ഥാപനം

- ★ വെട്ടിമാറ്റുന്ന മരങ്ങൾക്ക് പകരം വച്ചുപിടിപ്പിക്കൽ
- ★
- ★ പദ്ധതിനിർമ്മാണവേളയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സമയാധിഷ്ടിതമായ് നീക്കം ചെയ്യൽ

10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം പ്രകാരം റിപ്പോർട്ടിങ്ങും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്.

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

അദ്ധ്യായം 11

നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

തൃശ്ശൂർ ജില്ലയിലെ പുതുക്കാട് പട്ടണത്തിൽ നിന്നും 22 കി.മീ ദൂരെ സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് വരന്തരപ്പിള്ളി. കുന്നുകളും കാടും എസ്റ്റേറ്റുകളും ഉള്ള ഒരു പ്രദേശമാണ് ഇത്. കുറുമാലി പുഴ വരന്തരപിള്ളി പഞ്ചായത്തിനെ മുപ്ലിയം, വരന്തരപിള്ളി എന്നീ രണ്ട് ഭാഗങ്ങളായ് വേർതിരിക്കുന്നു. പൗണ്ട് കവലയിൽ നിന്നും കുറുമാലി പുഴയ്ക്ക് കുറുകെയുള്ള കടത്ത് വഞ്ചിയാണ് ഇവിടത്തെ ഏക യാത്രാ മാർഗ്ഗം. കർഷകർ താമസിക്കുന്ന ഇഞ്ചക്കുണ്ട് പ്രദേശത്ത് നിന്നും വരന്തരപിള്ളിയിലുള്ള റേഷൻ കട, പോലീസ് സ്റ്റേഷൻഎന്നിവിടങ്ങളിലേയ്ക്ക് എത്തിച്ചേരുവാൻ ഈ കടത്ത് കടക്കണം. അല്ലെങ്കിൽ നന്തിപുലം ചുറ്റി 19 കി.മീ യാത്ര ചെയ്യണം

പ്രദേശത്തിൻെറ വികസനം ലക്ഷ്യം വച്ച് കൊണ്ട് കേരള പൊതുമരാമത്ത് വകുപ്പ് വരന്തരപ്പിള്ളി പഞ്ചായത്തിലെ കുറുമാലി നദിയ്ക്ക് കുറുകെ പൗണ്ട് കവലയിൽ നിന്നും പാലവും അനുബന്ധറോഡും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പാലം പ്രദേശത്തെ എറണാകുളം ജില്ലയിലെ അതിരപ്പിള്ളി – വാഴച്ചാൽ പ്രദേശങ്ങളുമായി ബന്ധിപ്പിക്കും. വരന്തരപ്പിള്ളിയുടെ അടുത്ത പ്രദേശമായ കൊടകര ചന്തയിലേയ്ക്കുള്ള ദൂരം 19 കി.മീറ്ററിൽ നിന്നും 9.കി.മീറ്ററായി കുറയും.

നിലവിലെ മാപ്പിങ്ങ് പ്രകാരം 8 കുടുംബങ്ങളാണ് പദ്ധതി ബാധിതരാകുന്നത്. ഫലവൃക്ഷങ്ങൾ ഉൾപ്പടെ ഏതാനും വൃക്ഷങ്ങൾ പദ്ധതിയ്ക്ക് വേണ്ടി

വെട്ടിമാറ്റേണ്ടിവരും. ചുറ്റുമതിൽ സെപ്റ്റിക് ടാങ്ക്, കിണർ, വൈദ്യുതി തൂൺ എന്നീ അവശ്യവസ്തുക്കൾ മാറ്റി സ്ഥാപിക്കേണ്ടിവരും. പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഒരു കുടുംബത്തിൻെറ ഉപജീവനമാർഗം ആഘാതബാധിതമായേക്കാം. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന നഷ്ടപരിഹാരവും പുന:സ്ഥാപന നടപടികളും കൈക്കൊള്ളുന്നതിലൂടെ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ദുരീകരിക്കാവുന്നതാണ്.

ജനവാസ സ്ഥലങ്ങളെ കഴിയുന്നത്ര ബാധിക്കാത്ത വിധത്തിലും, കുടിയൊഴിപ്പിക്കൽ ഇല്ലാത്ത വിധത്തിലും, കൂടുതൽ ജനങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലും, അഴുക്ക് ചാലുകൾ കൂടുതലും ആഘാത ബാധിതമാകാത്ത വിധത്തിലുമാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്.

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

കച്ചേരിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൻെറ ഗുണപരവും വിപരീതപരവുമായ ആഘാതങ്ങൾ വിശകലനം ചെയ്യുമ്പോൾ, നിർദ്ദിഷ്ട പദ്ധതി നിലവിലെ മാപ്പിങ്ങും ഭൂമി ഏറ്റെടുക്കൽ പദ്ധതിയും പ്രകാരം നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിലയിരുത്തുന്നു. പദ്ധതി ബാധിതർക്ക് വിപരീത ആഘാതങ്ങൾ ഉണ്ടെങ്കിലും പദ്ധതി ബാധിതർ ഉൾപ്പെടെയുള്ള പ്രദേശവാസികൾക്ക് ഫലപ്രദമാകുന്ന വിധം പ്രദേശത്തെ ഗതാഗതവും ജീവിത നിലവാരവും പദ്ധതി മൂലം മെച്ചപ്പെടും എന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നു.

- ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതർക്ക് നൽകുക

- ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 19.09.2015 തീയതിയിൽ G.O(P)No. 470/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരം പദ്ധതി ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് പുനഃരധിവാസ-പുനഃസ്ഥാപന നടപടികൾ കൈക്കൊള്ളുക.
- പദ്ധതി ബാധിതമാകുന്ന സെപ്റ്റിക് ടാങ്ക്, കിണർ, വഴികൾ എന്നിവ പുന:സ്ഥാപിക്കുക.
- വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരം വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
- പദ്ധതി നിർമ്മാണ വേളയിൽ ആഘാത ബാധിതമായേക്കാവുന്ന ഉപജീവനമാർഗ്ഗത്തിന് മതിയായ നഷ്ടപരിഹാരം സമയാധിഷ്ടിതമായി നൽകുക
- പദ്ധതി നിർമ്മാണ വേളയിൽ ജനങ്ങളുടെ സുരക്ഷിതത്വവും ശരിയായ രീതിയിലുള്ള മാലിന്യ നിർമ്മാജനവും ഉറപ്പ് വരുത്തുക
- ചാനലുകൾ നിർമ്മിച്ച് മഴവെള്ളം ഒഴുകിപോകുന്നതിനു വേണ്ട നടപടികൾ കൈക്കൊണ്ട് പ്രദേശത്ത് വെള്ളക്കെട്ട് ഉണ്ടാകാതിരിക്കുവാനുള്ള മുൻകരുതൽ പദ്ധതി നിർവ്വഹണത്തോടൊപ്പം കൈക്കൊള്ളുക.
- കഴിഞ്ഞ പ്രളയകാലത്ത് പുഴയിൽ അടിഞ്ഞു കൂടിയ വൃക്ഷങ്ങളും മറ്റു വസ്തുക്കളും അടിയന്തിരമായി നീക്കംചെയ്യുക എന്ന പ്രദേശവാസികളുടെ ആവശ്യം ബന്ധപ്പെട്ട അധികാരികൾ പരിഗണിക്കുക.
- പദ്ധതി നിലവിൽ വരുമ്പോൾ വലിയ വണ്ടികൾ ഉൾപ്പടെ പ്രദേശത്തുകൂടെ കടന്നുപോയേക്കാം എന്നതിനാൽ ഗതാഗതകുരുക്ക് ഉണ്ടാകാതിരിക്കുന്നതിന് പദ്ധതി പ്രദേശത്തെ പഞ്ചായത്ത് റോഡ് വികസിപ്പിക്കണം എന്ന പരിസരവാസികളുടെ ആവശ്യം ബന്ധപ്പെട്ട അധികാരികൾ അടിയന്തിരമായ് പരിഗണിക്കുക

സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015
3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 19.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(P)No.470/2015/RDപ്രകാരമുള്ളഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി
5. കേരള പൊതുമരാമത്ത് (നിരത്ത് വിഭാഗം) കാര്യാലയത്തിൽ നിന്നും 16/03/2019 തീയതിയിൽ ലഭ്യമായ കച്ചേരിക്കടവ് പാലം നിർമ്മാണ പദ്ധതിയുടെ പ്രോഗ്രസ് റിപ്പോർട്ട്
6. www.keralapwd.gov.in

അനുബന്ധങ്ങൾ തുടർന്നുള്ള പേജുകളായ് ചേർത്തിട്ടുണ്ട്

അനുബന്ധങ്ങൾ

അനുബന്ധം 1	:	4(1) ഗസറ്റ് വിജ്ഞാപനം
അനുബന്ധം 2	:	അഭിമുഖ പ്രശ്നോത്തരി
അനുബന്ധം 3 (a)	:	പബ്ലിക് ഹിയറിങ് സംബന്ധിച്ച നോട്ടിഫിക്കേഷൻ (മാധ്യമം)
അനുബന്ധം 3 (b)	:	പബ്ലിക് ഹിയറിങ് സംബന്ധിച്ച നോട്ടിഫിക്കേഷൻ (ദേശാഭിമാനി)
അനുബന്ധം 4	:	പബ്ലിക് ഹിയറിങ് സംബന്ധിച്ച് ആഘാത ബാധിത കുടുംബത്തിനു നൽകിയ നോട്ടീസ്
അനുബന്ധം 5 (a)	:	പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ആഘാത ബാധിത കുടുംബത്തിൻെറ ലിസ്റ്റ്
അനുബന്ധം 5 (b)	:	പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ ലിസ്റ്റ്
അനുബന്ധം 6	:	കേരള സർക്കാർ –റവന്യൂവകുപ്പിൻെറ ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം 2015
അനുബന്ധം 7	:	കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പോളിസി 2017.
അനുബന്ധം 8	:	പദ്ധതി ബാധിത കുടുംബത്തിൻെറ വിവരങ്ങൾ

**

Annexure - I

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 8
Vol. VIII

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2019 ജൂലൈ 03
03rd July 2019
1194 മിഥുനം 18
18th Mithunam 1194
1941 ആഷാഢം 12
12th Ashadha 1941

നമ്പർ
No.
1468

ഫോറം നമ്പർ-4

[ചട്ടം 11 (3) കാണുക]

വിജ്ഞാപനം

No. DCTSR/4941/2018-E5.

2019 ജൂൺ 6.

കേരള സർക്കാർ 9-12-2015-ലെ 2753-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയ 4-12-2015-ലെ സ. ഉ. (സാധാരണ) നമ്പർ 649/2015/റ.വ. വിജ്ഞാപന പ്രകാരം 2013–ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ത്തിനുമുള്ള അവകാശ ആക്റ്റ് (2013–ലെ കേന്ദ്ര ആക്റ്റ്, 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുവാൻ എൽ. എ. ജനറൽ, തൃശ്ശൂർ സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ചാലക്കുടി താലൂക്ക്, വരന്തരപ്പിള്ളി വില്ലേജ് കച്ചേരിക്കടവ് പാലവും അനുബന്ധ റോഡ് നിർമ്മാണത്തിനുംവേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ, ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനാലും;

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 കേന്ദ്ര ആക്റ്റ്, 30) 4-ാം വകുപ്പ് (1-ാം ഉപ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാ കളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ;

ഇപ്പോൾ, തന്മൂലം, ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ പ്രൊജക്ട് ഡയറക്ടർ, രാജഗിരി ഔട്ട് റീച്ച്, കളമശ്ശേരി, എറണാകുളം എന്ന സ്ഥാപനത്തെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതല പ്പെടുത്തി യിരിക്കുന്നു. ഈ പ്രക്രിയ രണ്ട് മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും, 6 മാസത്തിൽ കൂടുവാൻ പാടുള്ളതല്ല.

പട്ടിക

ജില്ല—തൃശ്ശൂർ

താലൂക്ക്—ചാലക്കുടി. *വില്ലേജ്*—വരന്തരപ്പിള്ളി.

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ക്രമ നമ്പർ	*റീസർവ്വെ നമ്പർ/സബ് ഡിവിഷൻ നമ്പർ*	*വിവരണം*	*വിസ്തീർണ്ണം (ഹെക്ടറിൽ)*
1	1079/12	പുരയിടം	0.0033
2	1080/11	പുരയിടം	0.0007
3	1080/10	പുരയിടം	0.0029
4	1089/1	പുരയിടം	0.0003
5	1090/1	പുരയിടം	0.0582
6	1090/1	പുരയിടം	0.0067
		ആകെ	0.0721

ജില്ലാ കളക്ടർ,
തൃശ്ശൂർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM NO. 4

[*See* Rule 11(3)]

NOTIFICATION

No. DCTSR/4941/2018/E5. *6th June, 2019.*

WHEREAS, the Government of Kerala have in Notification No. 649/2015/Rev. dated 4-12-2015 published in the Kerala Gazette (Extraordinary) No. 2753 dated 9-12-2015 has appointed the Special Tahsildar, LA, General, Thrissur to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013);

WHEREAS, it appears to the Government of Kerala that the said land specified in the Schedule below is needed or likely to be needed for a public purpose to wit for the land acquisition in Varantharappilly Village of Chalakkudy Taluk in Thrissur District for the Construction of Kacherikkadavu Bridge and its approach road;

AND WHEREAS, in exercise of the powers conferred in sub-section (1) of the Section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have decided to conduct a Social Impact Assessment in the area specified in the Schedule below;

Now, THEREFORE, sanction is accorded to the District Level Social Impact Assessment Unit, Project Director, Rajagiri Outreach, Kalamassery, Ernakulam District to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period of two months, not exceeding six months in any case.

SCHEDULE

District—Thrissur.

Taluk—Chalakkudy. *Village*—Varantharappilly.

(The extent given is approximate)

Serial No.	*Re-survey No./Subdivision No.*	*Description*	*Extent in Hectares*
1	1079/12	Purayidam	0.0033
2	1080/11	Purayidam	0.0007
3	1080/10	Purayidam	0.0029
4	1089/1	Purayidam	0.0003
5	1090/1	Purayidam	0.0582
6	1090/1	Purayidam	0.0067
		Total	**0.0721**

DISTRICT COLLECTOR,

THRISSUR.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

Digitally signed by SHEELA M G
Date:2019.07.03 04:16:02 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Annexure-II

Socio Economic Survey for Social Impact Assessment Study
Land Acquisition for Construction of Kacherikadavu Bridge and Approach Road
Thrissur District

SIA Ref No	
Interviewer's Name	
Survey Date	
Supervisor's Name	
Data Entry Staff' Name	
Data Entered Date	
Data verified by, and Date	

Name of the Respondent: _____

Name of the Affected Family (Head): _____

Name and Address of the Affected Person: _____

_____

Phone Number: [ ]

Household Demographic Information:

Q.1 Place/ Location: [ ]

Q.2 Ward No.: [ ]

Q.3 Name of Panchayat: [ ]

Q.4 Religion: Hindu [ ] Muslim [ ] Christian [ ] Others [ ]
Please Specify

Q.5 Social Group: SC [ ] ST [ ] OBC [ ] General [ ] Others [ ]
Please Specify

Q.6 Ration Card: PINK [ ] BLUE [ ] WHITE [ ] N.A [ ]

Q.7 Monthly Family Income: [ ]

Q.8 Monthly Family Expenditure: [ ]

Q.9 Major Source of Income: ☐

Q.10 No. of Earning Members in the Family: ☐

Q.11 No. of Dependents: ☐

Q.12 Total Land Area Owned by Members in the Family (in Cents) ☐

Details of the Land Proposed for Acquisition

Q.13 Type of Land: Purayidam ☐ Nilam ☐ NilamNikathuPurayidam ☐

Q.14 Present Use: Unused ☐ Agriculture ☐ Residential ☐ Commercial ☐

Q.15 Ownership Status: Own ☐ Rent ☐ Lease ☐

Q.16 Forms of Ownership: Inherited ☐ Bought ☐ Rented/Leased ☐ Encroached ☐

Q.17 Total Extent of Land (in Cents): ☐

Address of the Affected Property (with pincode)	Communication Address of the owner (with phone number & pincode)

Name of title holder/s of the property (specify the names of all the members specified as per the title deed)	
Date on which the Land is owned (approx)	

Q.18 Have you bought or sold or made any other transactions in the land in the last three years? **Yes** ☐ **No** ☐

If yes, give details_____

Q.19 Total Extent of Land proposed to be acquired (in Cents): ☐

Q.20 Survey No/s. of the Land to be acquired: ☐

Q.21 Type of Building exist in the land: Concrete ☐ Tiled ☐ Hut ☐

Q.22 Built up Area (In Square Feet): ☐

Q.23 Presence of Water Source in the Land: Well ☐ Bore well ☐ Pond ☐ N.A ☐

Q.24 Statistics of Farming and existence of major trees/Cash Crops in the Land Proposed to be acquired:

S #	Type of Farming /Tree/ Cash Crops	Specify Units (Area/ Nos.)
1		
2		
3		
4		
5		

Q.25 Monthly Income from the Land to be acquired: ☐

Impact

Q.26 Does the proposed acquisition of land displace you? **Yes** ☐ **No** ☐

Q.27 Does the proposed acquisition of Land affect your major source of Income and Livelihood opportunities? **Yes** ☐ **No** ☐

If yes, state how_____

Q.28 Does the proposed acquisition of Land affect farming and agriculture you are currently engaged at? **Yes** ☐ **No** ☐

If yes, state how_____

Q.29 Does the proposed acquisition of Land affect your existing water sources?**Yes** ☐ ☐

If yes, state how_____

Q.30 In any form, does the proposed acquisition cause hindrance to your residence/commercial building or other structures in the vicinity such as compound wall etc.? **Yes** ☐ **lo** ☐

If yes, state how_____

Q.31 Does the proposed acquisition cause any hindrance to access electricity?**Yes** ☐ **No** ☐

If yes, state how_____

Q.32 Does the proposed acquisition affect your mode of transportation and access to the nearby town, public/social institutions such as Schools, Hospitals, Clubs, and Sports Ground etc.?
Yes ☐ **No** ☐

If yes, specify_____

Q.33 Are there any users outside your family for the land proposed to be acquired? **Yes** ☐ **No** ☐

If yes, give the details below

S #	Name and Address of the Person	Contact #	Type of Use

Awareness and Attitude

Q.34 Are you aware about the proposed plan of Constructing Kacherikadavu Bridge and Approach Road and acquisition of your land? ☐ **Yes** ☐ **No**

If yes, source of information:

Newspaper		TV/Digital Media	
Community Members		Social Media	
Others (Specify)			

Q.35 Rank the likely positive and negative outcomes of the project:

Positive Outcome	**Rank**
Better access to important locations	
Safe Transportation	
Higher commercial value for land and other properties	
Better infrastructure and access to modern facilities in the locality	
Others (Specify)	

Negative Outcome	Rank
Reduction in ownership and possession of land	
Livelihood means fully or partially affected	
